# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## പെരിഞ്ഞനം ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020

ഇ-മെയിൽ: dotsr.ksad@kerala.gov.in

ഫോൺ : 0487-2331249

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: ksa-tsr-p11/64/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020
തീയ്യതി: 05/05/2022
ഇ-മെയിൽ: dotsr.ksad@kerala.gov.in
ഫോൺ: 0487-2331249

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പെരിഞ്ഞനം ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : പെരിഞ്ഞനം ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പെരിഞ്ഞനം ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ.
3) കാര്യാലയ പകർപ്പ്.

നമ്പർ: ksa-tsr-p11/64/2022 തീയ്യതി: 05/05/2022

## തൃശ്ശൂർ ജില്ലയിലെ പെരിഞ്ഞനം ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13** , **1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18**, (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ പെരിഞ്ഞനം ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 22-10-2019 മുതൽ 31-03-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2020 മുതൽ 31-03-2021 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 31 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 18 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി ബിന്ദു.എസ്.നായർ | ഡെപ്യൂട്ടി ഡയറക്ടർ | 06-12-2021 | 17-12-2021 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 06-12-2021 | 17-12-2021 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| | | | |

| | | | |
|---|---|---|---|
| ശ്രീ.സച്ചിത്ത്.കെ.കെ | പ്രസിഡന്റ് | 01-04-2020 | 11-11-2020 |
| (അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി) | പ്രസിഡന്റ് | 12-11-2020 | 29-12-2020 |
| ശ്രീമതി.വിനീത മോഹൻദാസ് | പ്രസിഡന്റ് | 30-12-2020 | 31-03-2021 |

**നിർവ്വഹണഉദ്യോഗസ്ഥർ**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.സിന്ധു.കെ.ആർ | സെക്രട്ടറി(ഇൻ ചാർജ്) | 01-04-2020 | 02-04-2020 |
| ശ്രീമതി.സുജാത.പി | സെക്രട്ടറി | 03-04-2020 | 05-03-2021 |
| ശ്രീമതി.സിന്ധു.കെ.ആർ | സെക്രട്ടറി(ഇൻ ചാർജ്) | 06-03-2021 | 31-03-2021 |
| ശ്രീമതി.സോന ഒ.ടി | അസി.എഞ്ചിനീയർ | 01-04-2020 | 31-03-2021 |
| ശ്രീമതി.സിന്ധു.കെ.ആർ | അസി.സെക്രട്ടറി | 01-04-2020 | 31-03-2021 |
| ഡോ.സാജു ജോർജ്ജ് | വെറ്ററിനറി സർജൻ | 01-04-2020 | 31-03-2021 |
| ഡോ.സജീവൻ കെ.എം. | മെഡിക്കൽ ഓഫീസർ സി.എച്ച്.സി | 01-04-2020 | 29-01-2021 |
| ഡോ.ജീന | മെഡിക്കൽ ഓഫീസർ സി.എച്ച്.സി | 30-01-2021 | 31-03-2021 |
| ശ്രീമതി.ലളിത.കെ.കെ | ഐ സി ഡി എസ് സൂപ്പർവൈസർ | 01-04-2020 | 11-05-2020 |
| ശ്രീമതി.ഓമന സി.വി | ഐ സി ഡി എസ് സൂപ്പർവൈസർ | 12-05-2020 | 31-03-2021 |
| ശ്രീ.അനിൽ കുമാർ വി.ആർ | കൃഷി ഓഫീസർ | 01-04-2020 | 14-09-2020 |
| ശ്രീമതി.ഫ്ലെമിങ്ങ് സേവിയർ | കൃഷി ഓഫീസർ | 15-09-2020 | 18-02-2021 |
| ശ്രീമതി.റുബീന | കൃഷി ഓഫീസർ | 19-02-2021 | 25-02-2021 |
| ശ്രീമതി.നീതു ചന്ദ്രൻ | കൃഷി ഓഫീസർ | 26-02-2021 | 31-03-2021 |
| ശ്രീ.ഗുരുപ്രസാദ് ഇ.എം | വി.ഇ ഒ. പെരിഞ്ഞനം(ഇൻ ചാർജ്) | 01-04-2020 | 03-08-2020 |
| ശ്രീമതി.രഹിത ഒ.കെ | വി.ഇ ഒ. പെരിഞ്ഞനം | 04-08-2020 | 31-03-2021 |
| ശ്രീ.ഗുരുപ്രസാദ് ഇ.എം | വി.ഇ ഒ. ഓണപ്പറമ്പ് | 01-04-2020 | 02-09-2020 |
| ശ്രീമതി.ഹസീന ടി.എച്ച് | വി.ഇ ഒ. ഓണപ്പറമ്പ്(അഡീഷണൽ | 03-09-2020 | 03-11-2020 |

| | | | |
|---|---|---|---|
| | ചാർജ്) | | |
| ശ്രീ.രഞ്ജിത്ത് എം.ആർ | വി.ഇ ഒ. ഓണപ്പറമ്പ് | 04-11-2020 | 21-12-2020 |
| ശ്രീമതി.ഹസീന ടി.എച്ച് | വി.ഇ ഒ. ഓണപ്പറമ്പ് | 22-12-2020 | 31-03-2021 |
| ശ്രീമതി.ജീന ഗോപിനാഥ് | ഫിഷറീസ് സബ് ഇൻസ്പെക്റ്റർ | 01-04-2020 | 18-09-2020 |
| ശ്രീ.അൻസിൽ പി.എം | ഫിഷറീസ് സബ് ഇൻസ്പെക്റ്റർ | 19-09-2020 | 31-03-2021 |
| ശ്രീ.പ്രശാന്ത്.ഇ.എം | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2020 | 18-06-2020 |
| ശ്രീമതി.രമ്യ പി | ഡയറി ഫാം ഇൻസ്ട്രക്ടർ | 19-06-2020 | 31-03-2021 |
| ശ്രീമതി. ഷീല ഇ.ആർ | ഹെഡ്മിസ്ട്രസ് | 01-04-2020 | 31-05-2020 |
| ഒഴിവ് | ഹെഡ്മിസ്ട്രസ് | 01-06-2020 | 16-06-2020 |
| ശ്രീമതി. രാജശ്രീ.ടി.എ | ഹെഡ്മിസ്ട്രസ് | 17-06-2020 | 31-03-2021 |
| ഡോ.എഡിസൺ പി | മെഡിക്കൽ ഓഫീസർ,ആയുർവേദം | 01-04-2020 | 05-02-2021 |
| ഡോ.പ്രീതി ദേവദാസ് | മെഡിക്കൽ ഓഫീസർ,ആയുർവേദം | 06-02-2021 | 31-03-2021 |

**ഉള്ളടക്കം**


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: P.A.Sivan (Audit Officer, On 06-12-2021)<br>Last Updated By: P.A.Sivan (Audit Officer, On 05-04-2022) | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക<br>Written By: P.A.Sivan (Audit Officer, On 06-12-2021)<br>Last Updated By: P.A.Sivan (Audit Officer, On 05-04-2022) | 1-2 |
| 3 | സാമ്പത്തിക വിശകലനം<br>Written By: P.A.Sivan (Audit Officer, On 06-12-2021)<br>Last Updated By: P.A.Sivan (Audit Officer, On 05-04-2022) | 1-3 |
| 4 | ഗ്രാന്റ് വിനിയോഗം<br>Written By: P.A.Sivan (Audit Officer, On 06-12-2021)<br>Last Updated By: P.A.Sivan (Audit Officer, On 06-04-2022) | 1-4 |
| 5 | പദ്ധതി അവലോകനം<br>Written By: P.A.Sivan (Audit Officer, On 06-12-2021)<br>Last Updated By: P.A.Sivan (Audit Officer, On 05-04-2022) | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി<br>Written By: P.A.Sivan (Audit Officer, On 06-12-2021)<br>Last Updated By: P.A.Sivan (Audit Officer, On 05-04-2022) | 1-6 |
| 7 | ക്ഷേമപെൻഷനുകൾ<br>Written By: P.A.Sivan (Audit Officer, On 17-12-2021)<br>Last Updated By: P.A.Sivan (Audit Officer, On 19-04-2022) | 1-7 |
| 8 | ക്യാഷ് ബാലൻസ് പരിശോധന<br>Written By: Bindhu (Auditor, On 17-12-2021)<br>Last Updated By: P.A.Sivan (Audit Officer, On 19-04-2022) | 1-8 |
| 9 | ആഭ്യന്തരനിയന്ത്രണം<br>Written By: P.A.Sivan (Audit Officer, On 06-12-2021)<br>Last Updated By: P.A.Sivan (Audit Officer, On 19-04-2022) | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: P.A.Sivan (Audit Officer, On 06-12-2021)<br>Last Updated By: P.A.Sivan (Audit Officer, On 05-04-2022) | 1-10 |
| 11 | അടിസ്ഥാന അനുപാതങ്ങൾ സംബന്ധിക്കുന്ന പത്രികകൾ ഓഡിറ്റിന് സമർപ്പിച്ചിട്ടില്ല<br>Written By: Vidhya O.K (Senior Grade Auditor, On 06-01-2022)<br>Last Updated By: P.A.Sivan (Audit Officer, On 05-04-2022) | 1-11 |
| 12 | വസ്തു നികുതി (റെഡിഡൻഷ്യൽ - തൻവർഷം) - ഡിസിബി കണക്കുകളും വാർഷികകണക്കുകളും പൊരുത്തപ്പെടുന്നില്ല<br>Written By: Nirmal K G (Audit Officer, On 28-12-2021)<br>Last Updated By: P.A.Sivan (Audit Officer, On 05-04-2022) | 1-12 |
| 13 | വസ്തു നികുതി (നോൺ-റെഡിഡൻഷ്യൽ - തൻവർഷം) - ഡിസിബി കണക്കുകളും വാർഷികകണക്കുകളും പൊരുത്തപ്പെടുന്നില്ല<br>Written By: Nirmal K G (Audit Officer, On 28-12-2021)<br>Last Updated By: P.A.Sivan (Audit Officer, On 05-04-2022) | 1-13 |
| 14 | വസ്തുനികുതി - റെസിഡൻഷ്യൽ (കുടിശ്ശിക)- വാർഷികകണക്കുകളും ഡിസിബി രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല<br>Written By: Nirmal K G (Audit Officer, On 28-12-2021)<br>Last Updated By: P.A.Sivan (Audit Officer, On 05-04-2022) | 1-14 |
| 15 | വസ്തുനികുതി - നോൺ റെസിഡൻഷ്യൽ (കുടിശ്ശിക)- വാർഷികകണക്കുകളും ഡിസിബി രജിസ്റ്ററും | 1-15 |

| | | |
|---|---|---|
| | പൊരുത്തപ്പെടുന്നില്ല<br>Written By: Nirmal K G (Audit Officer, On 28-12-2021)<br>Last Updated By: P.A.Sivan (Audit Officer, On 05-04-2022) | |
| 16 | ലൈബ്രറി സെസ്സ് - വാർഷികകണക്കും ഡിസിബി പത്രികയും പൊരുത്തപ്പെടുന്നില്ല<br>Written By: Nirmal K G (Audit Officer, On 28-12-2021)<br>Last Updated By: P.A.Sivan (Audit Officer, On 05-04-2022) | 1-16 |
| 17 | വസ്തു നികുതി - കൃത്യമായ ഡിമാന്റ് എൻട്രി ഇല്ല<br>Written By: Nirmal K G (Audit Officer, On 28-12-2021)<br>Last Updated By: P.A.Sivan (Audit Officer, On 05-04-2022) | 1-17 |
| 18 | ലൈബ്രറി സെസ്സ് കളക്ഷൻ - വാർഷികകണക്കും ഡിസിബി പത്രികയും പൊരുത്തപ്പെടുന്നില്ല<br>Written By: Nirmal K G (Audit Officer, On 28-12-2021)<br>Last Updated By: P.A.Sivan (Audit Officer, On 19-04-2022) | 1-18 |
| 19 | Prior Period Items- എൻട്രികളെ സാധൂകരിക്കുന്ന രേഖകൾ ഇല്ല<br>Written By: Nirmal K G (Audit Officer, On 28-12-2021)<br>Last Updated By: P.A.Sivan (Audit Officer, On 05-04-2022) | 1-19 |
| 20 | "Prior Period Items" എന്ന നോമിനൽ അക്കൗണ്ട് പ്രകാരം അഡ്വാൻസ് തുക സാങ്കല്പികമായി ജേണൽ വൗച്ചർ മുഖേന വർദ്ധിപ്പിച്ചത് അംഗീകരിക്കുന്നില്ല<br>Written By: Nirmal K G (Audit Officer, On 28-12-2021)<br>Last Updated By: P.A.Sivan (Audit Officer, On 06-04-2022) | 1-20 |
| 21 | ലൈബ്രറി സെസ്സ് - വ്യത്യാസം പരിഹരിക്കേണ്ടതാണ്<br>Written By: Nirmal K G (Audit Officer, On 28-12-2021)<br>Last Updated By: P.A.Sivan (Audit Officer, On 06-04-2022) | 1-21 |
| 22 | അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾക്ക് പ്രതിമാസം ഡിമാന്റ് ജേണൽ എൻട്രി ചേർക്കുന്നില്ല<br>Written By: Nirmal K G (Audit Officer, On 28-12-2021)<br>Last Updated By: P.A.Sivan (Audit Officer, On 06-04-2022) | 1-22 |
| 23 | രജിസ്റ്ററുകൾ കൃത്യമായി പരിപാലിക്കുന്നില്ല<br>Written By: Nirmal K G (Audit Officer, On 28-12-2021)<br>Last Updated By: P.A.Sivan (Audit Officer, On 06-04-2022) | 1-23 |
| 24 | കാഷ് അടിസ്ഥാനത്തിൽ (അക്രൂവൽ അല്ലാതെ) രേഖപ്പെടുത്തുന്ന ഇനങ്ങൾ അതാത് വരവ് രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല<br>Written By: Nirmal K G (Audit Officer, On 28-12-2021)<br>Last Updated By: P.A.Sivan (Audit Officer, On 06-04-2022) | 1-24 |
| 25 | മുൻകൂർ ആയി ലഭിച്ച തുക ഡിമാന്റ് രജിസ്റ്ററിലോ പ്രത്യേകം രജിസ്റ്ററിലോ രേഖപ്പെടുത്തിയിട്ടില്ല<br>Written By: Nirmal K G (Audit Officer, On 28-12-2021)<br>Last Updated By: P.A.Sivan (Audit Officer, On 06-04-2022) | 1-25 |
| 26 | കുടിശ്ശിക - പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല<br>Written By: Nirmal K G (Audit Officer, On 28-12-2021)<br>Last Updated By: P.A.Sivan (Audit Officer, On 06-04-2022) | 1-26 |
| 27 | Prior Period Item-വൗച്ചറുകൾ ലഭ്യമാക്കിയിട്ടില്ല<br>Written By: Nirmal K G (Audit Officer, On 28-12-2021)<br>Last Updated By: P.A.Sivan (Audit Officer, On 06-04-2022) | 1-27 |
| 28 | ജേണൽ എൻട്രികൾക്ക് യാതൊരു വൗച്ചറും സൂക്ഷിക്കുന്നില്ല<br>Written By: Nirmal K G (Audit Officer, On 28-12-2021)<br>Last Updated By: P.A.Sivan (Audit Officer, On 06-04-2022) | 1-28 |
| 29 | ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല<br>Written By: Nirmal K G (Audit Officer, On 28-12-2021)<br>Last Updated By: P.A.Sivan (Audit Officer, On 06-04-2022) | 1-29 |
| 30 | കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് - കൃത്യത ഓഡിറ്റിൽ | 1-30 |

| | | |
|---|---|---|
| | സാക്ഷ്യപ്പെടുത്തുന്നില്ല<br>Written By: Vidhya O.K (Senior Grade Auditor, On 05-01-2022)<br>Last Updated By: P.A.Sivan (Audit Officer, On 06-04-2022) | |
| 31 | ഇൻവെസ്റ്റ്മെന്റ് - വാർഷികകണക്കുമായി പൊരുത്തപ്പെടുന്നില്ല<br>Written By: Nirmal K G (Audit Officer, On 28-12-2021)<br>Last Updated By: P.A.Sivan (Audit Officer, On 06-04-2022) | 1-31 |
| 32 | ഡെപ്പോസിറ്റ് രജിസ്റ്റർ/ഇൻവെസ്റ്റ്മെന്റ് രജിസ്റ്റർ/ അഡ്വാൻസ് രജിസ്റ്റർ എന്നിവ എഴുതി സൂക്ഷിക്കുന്നില്ല<br>Written By: Nirmal K G (Audit Officer, On 28-12-2021)<br>Last Updated By: P.A.Sivan (Audit Officer, On 19-04-2022) | 1-32 |
| 33 | അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല<br>Written By: P.A.Sivan (Audit Officer, On 28-12-2021)<br>Last Updated By: P.A.Sivan (Audit Officer, On 06-04-2022) | 1-33 |
| 34 | ബി-17 പ്രകാരമുള്ള പ്രത്യേകോദ്ദേശ്യ ബാങ്ക് അക്കൗണ്ടുകൾക്ക് തത്തുല്യമായ ബാധ്യതാ ശീർഷകം ബാലൻസ്ഷീറ്റ് ബി-4 ൽ ചേർത്തിട്ടില്ല<br>Written By: Nirmal K G (Audit Officer, On 28-12-2021)<br>Last Updated By: P.A.Sivan (Audit Officer, On 06-04-2022) | 1-34 |
| 35 | കാലാവധി കഴിഞ്ഞ ചെക്കുകൾ " Liability In Respect Of Stale Cheque" എന്ന ബാധ്യത ശീർഷകത്തിലേയ്ക്ക് മാറ്റിയിട്ടില്ല<br>Written By: Bindhu (Auditor, On 28-12-2021)<br>Last Updated By: P.A.Sivan (Audit Officer, On 06-04-2022) | 1-35 |
| 36 | ബാങ്കിൽ നിക്ഷേപിച്ചിട്ട് ഒരു മാസത്തിന് മുകളിലായിട്ടും ചെക്കുകൾ ക്യാഷ് ചെയ്തിട്ടില്ല. തുടർനടപടി സ്വീകരിക്കേണ്ടതാണ്.<br>Written By: Bindhu (Auditor, On 28-12-2021)<br>Last Updated By: P.A.Sivan (Audit Officer, On 06-04-2022) | 1-36 |
| 37 | Capital Work In Progress-വർക്ക്ഷീറ്റ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല<br>Written By: Nirmal K G (Audit Officer, On 28-12-2021)<br>Last Updated By: P.A.Sivan (Audit Officer, On 06-04-2022) | 1-37 |
| 38 | വായ്പ രജിസ്റ്റർ സൂക്ഷിക്കുന്നില്ല<br>Written By: Nirmal K G (Audit Officer, On 28-12-2021)<br>Last Updated By: P.A.Sivan (Audit Officer, On 19-04-2022) | 1-38 |
| 39 | ഇ എം എസ് - എം എൻ ലക്ഷം വീട് - അക്കൗണ്ട് ക്ലോസ് ചെയ്തിട്ടില്ല<br>Written By: Nirmal K G (Audit Officer, On 28-12-2021)<br>Last Updated By: P.A.Sivan (Audit Officer, On 19-04-2022) | 1-39 |
| 40 | ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് നിർവ്വഹണ ഏജൻസികൾക്ക് മുൻകൂർ തുക നൽകുമ്പോൾ " 460500204-Advance To Implementing Agencies" എന്ന ശീർഷകത്തിൽ ചെലവ് രേഖപ്പെടുത്തുന്നില്ല<br>Written By: Nirmal K G (Audit Officer, On 06-01-2022)<br>Last Updated By: P.A.Sivan (Audit Officer, On 06-04-2022) | 1-40 |
| 41 | ഫാക്ടറി വ്യാപാര ലൈസൻസ് എടുത്തിട്ടില്ല<br>Written By: Bindhu (Auditor, On 07-01-2022)<br>Last Updated By: P.A.Sivan (Audit Officer, On 06-04-2022) | 1-41 |
| 42 | തൊഴിൽ നികുതി കുറവായി ഈടാക്കിയിരിക്കുന്നു<br>Written By: Bindhu (Auditor, On 11-01-2022)<br>Last Updated By: P.A.Sivan (Audit Officer, On 19-04-2022) | 1-42 |

| | | |
|---|---|---|
| 43 | തൊഴിൽ നികുതി പിരിക്കാത്തതു സംബന്ധിച്ച്<br>Written By: Bindhu (Auditor, On 11-01-2022)<br>Last Updated By: P.A.Sivan (Audit Officer, On 06-04-2022) | 1-43 |
| 44 | പാരാ മെഡിക്കൽ രജിസ്ട്രേഷൻ നടത്തിയിട്ടില്ല<br>Written By: Bindhu (Auditor, On 11-01-2022)<br>Last Updated By: P.A.Sivan (Audit Officer, On 06-04-2022) | 1-44 |
| 45 | ക്രമവത്ക്കരണത്തിന്റെ രജിസ്റ്റർ സൂക്ഷിക്കുന്നില്ല<br>Written By: Vidhya O.K (Senior Grade Auditor, On 06-01-2022)<br>Last Updated By: P.A.Sivan (Audit Officer, On 06-04-2022) | 1-45 |
| 46 | ഭാഗികമായി നിർമ്മിച്ച കെട്ടിടം- Partially Occupancy നൽകിയതിന്റെ റിപ്പോർട്ട്, വസ്തുനികുതി നിർണ്ണയം- ഫോറം 2,6 എന്നിവ ലഭ്യമാക്കേണ്ടതാണ്.<br>Written By: Vidhya O.K (Senior Grade Auditor, On 07-01-2022)<br>Last Updated By: P.A.Sivan (Audit Officer, On 19-04-2022) | 1-46 |
| 47 | ഒക്യുപൻസി സർട്ടിഫിക്കറ്റ് നൽകേണ്ടതാണ്<br>Written By: Vidhya O.K (Senior Grade Auditor, On 06-01-2022)<br>Last Updated By: P.A.Sivan (Audit Officer, On 06-04-2022) | 1-47 |
| 48 | പെർമിറ്റ് ഫയൽ - എഞ്ചിനീയറിംഗ് വിഭാഗം തയ്യാറാക്കുന്ന റിപ്പോർട്ടിൽ വിശദാംശങ്ങൾ ഉൾപ്പെടുത്തേണ്ടതാണ്<br>Written By: Vidhya O.K (Senior Grade Auditor, On 06-01-2022)<br>Last Updated By: P.A.Sivan (Audit Officer, On 06-04-2022) | 1-48 |
| 49 | ഷോപ്പിംഗ് കോംപ്ലക്സ് - വാടകക്കാർ 2020-21 വർഷത്തിൽ അനധികൃതമായി കെട്ടിടം കൈവശം വെച്ചു. - തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.<br>Written By: Vidhya O.K (Senior Grade Auditor, On 06-01-2022)<br>Last Updated By: P.A.Sivan (Audit Officer, On 19-04-2022) | 1-49 |
| 50 | മൂന്നുപീടിക ബീച്ച് റോഡിൽ ഉള്ള ഷോപ്പിംഗ് കോംപ്ലക്സ് കെട്ടിടത്തിലെ IV/207, IV/208 എന്നീ കെട്ടിടമുറികൾ അനധികൃതമായി പ്രവർത്തിച്ചു<br>Written By: Vidhya O.K (Senior Grade Auditor, On 06-01-2022)<br>Last Updated By: P.A.Sivan (Audit Officer, On 19-04-2022) | 1-50 |
| 51 | ഹോമിയോ മരുന്ന് വാങ്ങൽ - മരുന്ന് മുഴുവൻ ലഭ്യമായിട്ടില്ല<br>Written By: P.A.Seenath (Audit Officer, On 28-12-2021)<br>Last Updated By: P.A.Sivan (Audit Officer, On 19-04-2022) | 1-51 |
| 52 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ് - സബ്സിഡി മാർഗ്ഗരേഖയിലെ നിരക്കിനേക്കാൾ അധിക തുക നൽകി<br>Written By: P.A.Seenath (Audit Officer, On 28-12-2021)<br>Last Updated By: P.A.Sivan (Audit Officer, On 19-04-2022) | 1-52 |
| 53 | ഹരിത കർമ്മസേനയ്ക്ക് വയബിലിറ്റി ഗ്യാപ് ഫണ്ട് - ഹരിത കർമ്മസേനയുടെ പ്രവർത്തനം സ്വയംപര്യാപ്തമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണം<br>Written By: Nirmal K G (Audit Officer, On 04-01-2022)<br>Last Updated By: P.A.Sivan (Audit Officer, On 19-04-2022) | 1-53 |
| 54 | എസ്.എസ്.എ. ജനറൽ - വിനിയോഗവിവരം ലഭ്യമല്ല<br>Written By: P.A.Seenath (Audit Officer, On 06-01-2022)<br>Last Updated By: P.A.Sivan (Audit Officer, On 19-04-2022) | 1-54 |
| 55 | എസ്.സി. വിദ്യാർത്ഥികൾക്ക് ഫർണീച്ചർ - പഠിക്കുന്ന രേഖകൾ ഹാജരാക്കിയിട്ടില്ല<br>Written By: P.A.Seenath (Audit Officer, On 06-01-2022)<br>Last Updated By: P.A.Sivan (Audit Officer, On 19-04-2022) | 1-55 |

| | | |
|---|---|---|
| 56 | പ്രീ മൺസൂൺ ചെലവ് മുഴുവൻ രേഖകളും ലഭ്യമായിട്ടില്ല<br>Written By: P.A.Seenath (Audit Officer, On 11-01-2022)<br>Last Updated By: P.A.Sivan (Audit Officer, On 19-04-2022) | 1-56 |
| 57 | ജി.എസ്.ടി കുറവ് ചെയ്തിട്ടില്ല<br>Written By: P.A.Sivan (Audit Officer, On 07-01-2022)<br>Last Updated By: P.A.Sivan (Audit Officer, On 19-04-2022) | 1-57 |
| 58 | ചമച്ചിട്ടുള്ള കരാറുകൾ കാലികമല്ല<br>Written By: P.A.Sivan (Audit Officer, On 07-01-2022)<br>Last Updated By: P.A.Sivan (Audit Officer, On 19-04-2022) | 1-58 |
| 59 | പെയിൻ & പാലിയേറ്റീവ് കെയർ പദ്ധതി - മരുന്ന് ലഭിച്ചതിന്റെ വിവരം ലഭ്യമല്ല<br>Written By: P.A.Seenath (Audit Officer, On 28-12-2021)<br>Last Updated By: P.A.Sivan (Audit Officer, On 19-04-2022) | 1-59 |
| 60 | ധനവിനിയോഗസാക്ഷ്യപത്രം, കരാർ, പൂർത്തീകരണ റിപ്പോർട്ട് എന്നിവ ലഭ്യമായിട്ടില്ല.- 24,300/- രൂപ തടസ്സപ്പെടുത്തുന്നു<br>Written By: Vidhya O.K (Senior Grade Auditor, On 06-01-2022)<br>Last Updated By: P.A.Sivan (Audit Officer, On 06-04-2022) | 1-60 |
| 61 | രേഖകൾ ഹാജരാക്കിയില്ല – തുക തടസ്സപ്പെടുത്തുന്നു<br>Written By: Vidhya O.K (Senior Grade Auditor, On 06-01-2022)<br>Last Updated By: P.A.Sivan (Audit Officer, On 19-04-2022) | 1-61 |
| 62 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല<br>Written By: Nirmal K G (Audit Officer, On 05-01-2022)<br>Last Updated By: P.A.Sivan (Audit Officer, On 06-04-2022) | 1-62 |
| 63 | പകൽവീട് നിർമാണം - അധികമായി പിൻവലിച്ച തുക ഓഡിറ്റ് എൻക്വയറിയെ തുടർന്ന് അടവാക്കി<br>Written By: P.A.Sivan (Audit Officer, On 07-01-2022)<br>Last Updated By: P.A.Sivan (Audit Officer, On 19-04-2022) | 1-63 |
| 64 | ഭിന്നശേഷിക്കാർക്ക് ഉപകരണങ്ങൾ -വീൽ ചെയർ നാളിതു വരെ വിതരണം നടത്തിയിട്ടില്ല<br>Written By: P.A.Seenath (Audit Officer, On 23-03-2022)<br>Last Updated By: P.A.Sivan (Audit Officer, On 19-04-2022) | 1-64 |
| 65 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ് - സബ്സിഡി മാർഗ്ഗരേഖയിലെ നിരക്കിനേക്കാൾ അധിക തുക നൽകി<br>Written By: P.A.Seenath (Audit Officer, On 23-03-2022)<br>Last Updated By: P.A.Sivan (Audit Officer, On 19-04-2022) | 1-65 |
| **ഭാഗം 2** | | |
| 1 | തൊഴിൽ നികുതി കുറവായി ഈടാക്കിയിരിക്കുന്നു - 6430/- രൂപ നഷ്ടം<br>Written By: P.A.Sivan (Audit Officer, On 11-01-2022)<br>Last Updated By: P.A.Sivan (Audit Officer, On 19-04-2022) | 2-1 |
| **ഭാഗം 3** | | |
| 1 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ് - സബ്സിഡി മാർഗ്ഗരേഖയിലെ നിരക്കിനേക്കാൾ അധിക തുക നൽകി - 55855/- ഈടാക്കി അടവാക്കേണ്ടതാണ്<br>Written By: P.A.Sivan (Audit Officer, On 11-01-2022)<br>Last Updated By: P.A.Sivan (Audit Officer, On 19-04-2022) | 3-1 |
| **ഭാഗം 4** | | |
| 1 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: P.A.Sivan (Audit Officer, On 06-12-2021)<br>Last Updated By: P.A.Sivan (Audit Officer, On 06-04-2022) | 4-1 |

| | | |
|---|---|---|
| 2 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: P.A.Sivan (Audit Officer, On 06-12-2021)<br>Last Updated By: P.A.Sivan (Audit Officer, On 19-04-2022) | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ്<br>Written By: P.A.Sivan (Audit Officer, On 06-12-2021)<br>Last Updated By: P.A.Sivan (Audit Officer, On 06-04-2022) | 4-3 |
| 4 | വായ്പ/ വായ്പ തിരിച്ചടവ്<br>Written By: P.A.Sivan (Audit Officer, On 06-12-2021)<br>Last Updated By: P.A.Sivan (Audit Officer, On 06-04-2022) | 4-4 |
| 5 | സ്ഥിരനിക്ഷേപങ്ങൾ<br>Written By: P.A.Sivan (Audit Officer, On 06-12-2021)<br>Last Updated By: P.A.Sivan (Audit Officer, On 06-04-2022) | 4-5 |
| 6 | ഓഡിറ്റ് റിക്കവറി<br>Written By: P.A.Sivan (Audit Officer, On 06-12-2021)<br>Last Updated By: P.A.Sivan (Audit Officer, On 06-04-2022) | 4-6 |
| 7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം<br>Written By: P.A.Sivan (Audit Officer, On 06-12-2021)<br>Last Updated By: P.A.Sivan (Audit Officer, On 06-04-2022) | 4-7 |
| 8 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം<br>Written By: P.A.Sivan (Audit Officer, On 06-12-2021)<br>Last Updated By: P.A.Sivan (Audit Officer, On 06-04-2022) | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: P.A.Sivan (Audit Officer, On 06-12-2021)<br>Last Updated By: P.A.Sivan (Audit Officer, On 19-04-2022) | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ<br>Written By: P.A.Sivan (Audit Officer, On 06-12-2021)<br>Last Updated By: Shobby.V.P (Audit Officer, On 05-05-2022) | 4-10 |
| | **അനുബന്ധം** | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

| | | |
|---|---|---|
| ബജറ്റ് പാസ്സാക്കിയ തീയതി,<br>കമ്മിറ്റി തീരുമാനം | 02.03.2020, 1(1) | |
| പ്രതീക്ഷിത വരവ്,<br>ചെലവ് എന്നിവ | വരവ് | ചെലവ് |
| | 175669000 | 177093000 |
| റിവൈസ്ഡ് ബജറ്റ് പാസ്സാക്കിയ<br>തീയതി,<br>കമ്മിറ്റി തീരുമാനം | 16.02.2021, 1(1) | |
| പ്രതീക്ഷിത വരവ്,<br>ചെലവ് എന്നിവ | വരവ് | ചെലവ് |
| | 180142996 | 174058000 |

## 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31-07-2021 | 14-07-2021 |

## 1-3 സാമ്പത്തിക വിശകലനം

| - | തുക (രൂപ) |
|---|---|
| മുന്നിരിപ്പ് | 10953383/- |
| ഓഡിറ്റ് വർഷത്തെ വരവ് | 84200430/- |
| ആകെ | 95153813/- |
| ഓഡിറ്റ് വർഷത്തെ ചെലവ് | 85882570/- |
| നീക്കിയിരിപ്പ് | 9271243/- |

## 1-4 ഗ്രാന്റ് വിനിയോഗം

| ഗ്രാന്റ് | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/<br>ലാപ്സായ തുക |
|---|---|---|---|---|---|
| വികസനഫണ്ട്<br>(ജനറൽ) | 0 | 11782012 | 11782012 | 11388864 | 393148 |
| വികസനഫണ്ട്<br>(എസ്.സി.പി) | 0 | 8421622 | 8421622 | 8196999 | 224623 |
| ധനകാര്യകമ്മീഷൻ<br>ഗ്രാന്റ് (Untied) | 0 | 8528882 | 8528882 | 5933930 | 2594952 |
| ധനകാര്യകമ്മീഷൻ<br>ഗ്രാന്റ് (Tied) | 0 | 4000000 | 4000000 | 3728882 | 271118 |
| മെയിന്റനൻസ്<br>ഗ്രാന്റ് (റോഡ്) | 0 | 8106000 | 8106000 | 8106000 | 0 |
| മെയിന്റനൻസ്<br>ഗ്രാന്റ് | 0 | 3456681 | 3456681 | 3456681 | 0 |

| |
|---|
| (നോൺറോഡ്) |

## 1-5 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചവ (എണ്ണം) | അടങ്കൽ (തുക) | നടപ്പിലാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പിലാക്കിയത് | നടപ്പിലാക്കാത്തത് | പൂർത്തീകരിച്ചതിന്റെ ശതമാനം |
|---|---|---|---|---|---|---|
| 216 | 98946602 | 185 | 70527925 | 22 | 9 | 85.7% |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 69905 | 1375312 | 1445217 | 1394201 | 51016 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 22559667 | 22559667 | 22559667 | 0 |

## 1-7 ക്ഷേമപെൻഷനുകൾ

| പദ്ധതിയുടെ പേര് | ചെലവ് തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിതവേതനം | 720 | 1 |
| കർഷകതൊഴിലാളി പെൻഷൻ | 1938800 | 121 |
| വിധവാ പെൻഷൻ | 15395400 | 1041 |
| വാർദ്ധക്യകാല പെൻഷൻ | 25738800 | 1954 |
| വികലാംഗ പെൻഷൻ | 4209700 | 289 |
| 50 വയസ്സിന് മേൽപ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 669000 | 46 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം | 180000 | 4 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 14.12.21 തീയതിയിൽ 2:30 PM ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 27919/- രൂപ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

2019-20, 2020-21 വർഷങ്ങളിലായി ഗ്രാമപഞ്ചായത്തിന് ശ്രദ്ധേമായ പല നേട്ടങ്ങൾ കൈവരിക്കാൻ കഴിഞ്ഞതിന്റെ വിവരങ്ങൾ താഴെ കൊടുക്കുന്നു.

1. ഗ്രാമപഞ്ചായത്ത് ഊർജോൽപാദനം, മാലിന്യ സംസ്കരണം എന്നീ മേഖലകളിൽ കൈവരിച്ച ശ്രദ്ധേയമായ പ്രവർത്തനങ്ങൾ പരിഗണിച്ച് ഒരു ലക്ഷം രൂപ വില വരുന്ന സോളാർ ലൈറ്റുകൾ ഉൾപ്പെടെയുള്ള മീഡിയ വൺ മഹാ

പഞ്ചായത്ത് പുരസ്കാരം 2021 ൽ ലഭിച്ചു. ഇപ്രകാരം ലഭിച്ച സോളാർ ലൈറ്റ് മാലിന്യസംസ്കരണകേന്ദ്രത്തിലും കമ്മ്യൂണിറ്റി ഹാൾ കോമ്പൗണ്ടിലും സ്ഥാപിക്കുകയുണ്ടായി.

2. ഗ്രാമപഞ്ചായത്തിലെ മുഴുവൻ തെരുവുവിളക്കുകളും എൽ.ഇ.ഡി.യിലേക്ക് മാറ്റി. സോളാർ വൈദ്യുതി ഉപയോഗിച്ച് തെരുവുവിളക്കുകൾ പ്രകാശിപ്പിക്കുക എന്ന ലക്ഷ്യത്തോടെ തുടങ്ങിയ എൽ.ഇ.ഡി. ഗ്രാമം പദ്ധതി നടത്തിപ്പിന് വേണ്ടിയുള്ള ഒമ്പത് ലക്ഷം രൂപയിൽ അഞ്ച് ലക്ഷം രൂപ മണപ്പുറം ബാങ്കിന്റെ സി.എസ്.ആർ. ഫണ്ട് ആയി ലഭിച്ചു. ബാക്കി തുക തനതുഫണ്ട് വകയിരുത്തി.

3. ലൈഫ് പദ്ധതി വളരെ ശ്രദ്ധേയമായി ഗ്രാമപഞ്ചായത്ത് നടപ്പിലാക്കുകയുണ്ടായി. പദ്ധതി വിജയകരമാക്കുന്നതിൽ വി.ഇ.ഒ മാരുടെ പങ്കാളിത്തവും പരാമർശമർഹിക്കുന്നു.

4. പെരിഞ്ഞനോർജം എന്ന പേരിലറിയപ്പെട്ട പുരപ്പുറ സോളാർ വൈദ്യുതപദ്ധതി പ്രകാരം അനർട്ടിന്റെ സംസ്ഥാന അക്ഷയ ഊർജ പുരസ്കാരമായി ഒരു ലക്ഷം രൂപയും 2020-21 ൽ ലഭിച്ചു.

5. സുഭിക്ഷ കേരളം പദ്ധതിയുടെ ഭാഗമായി സംസ്ഥാന സിവിൽ സപ്ലൈസ് വകുപ്പിന്റെ സഹകരണത്തോടെ സുഭിക്ഷ ഹോട്ടൽ ആരംഭിച്ചു.

6. പ്രളയബാധിതരെ പുനരധിവസിപ്പിക്കണമെന്ന ഉത്തമലക്ഷ്യം മുന്നിൽ കണ്ട് ഗ്രാമപഞ്ചായത്ത് കമ്മിറ്റി എടുത്ത തീരുമാനപ്രകാരം അഞ്ചാം വാർഡിൽ റവന്യൂ പുറമ്പോക്ക് ഭൂമിയിൽ റോട്ടറി ക്ലബിന്റെ സി.എസ്.ആർ. ഫണ്ട് ഉപയോഗിച്ച് 14 വീടുകൾ ഉൾപ്പെടുന്ന മനോഹരമായി രൂപകല്പന ചെയ്ത ഭവനസമുച്ചയം സാമ്പത്തികവർഷം റവന്യൂ വകുപ്പിന് കൈമാറുകയും ഗ്രാമപഞ്ചായത്തിൽപെട്ട രണ്ട് പേരെ ജില്ലാ കളക്ടർ ഗുണഭോക്താക്കളായി തെരെഞ്ഞെടുക്കുകയും ചെയ്തിട്ടുണ്ട്. ബാക്കിയുള്ള ഗുണഭോക്താക്കളെക്കൂടി കണ്ടെത്തുവാൻ കഴിഞ്ഞാൽ ഏറെ അഭിമാനിക്കാവുന്ന ഒരു തലത്തിലേക്ക് ഈ പദ്ധതി എത്തിച്ചേരുന്നതാണ്. ഇക്കാര്യത്തിൽ റോട്ടറി ക്ലബിന്റെ സഹകരണം എത്ര പ്രശംസിച്ചാലും മതിയാകില്ല. ഭവനസമുച്ചയം ഉൾപ്പെടുന്ന സ്ഥലത്തെ അടിസ്ഥാനസൗകര്യം വർധിപ്പിക്കുന്നതിനായി ഗ്രാമപഞ്ചായത്ത് ടൈൽ റോഡ് നിർമിക്കുകയും സമീപത്തെ തോട് കരിങ്കൽ കെട്ടി സംരക്ഷിക്കുകയും വെള്ളക്കെട്ട് ഒഴിവാക്കുന്നതിനായി കാന പണിയുകയും ചെയ്തിട്ടുണ്ട്.

7. പഞ്ചായത്ത് ഓഫീസും, വില്ലേജ് ഓഫീസും ഉൾപ്പെടുന്ന റവന്യൂ പുറമ്പോക്ക് ഭൂമിയിൽ യാത്രക്കാർക്കും അവിടെ എത്തുന്നവർക്കും വേണ്ടി, ഭിന്നശേഷി സൗഹൃദവും സ്ത്രീ സൗഹൃദവുമായ പൊതുശൗചാലയം നിർമ്മിച്ചു.

8. ജൈവമാലിന്യങ്ങൾ സംസ്കരിച്ച് ബയോഗ്യാസാക്കി മാറ്റുന്ന ഗോവർദ്ധൻ ബയോഗ്യാസ് പ്ലാന്റ് 2020-21 ൽ പ്രവർത്തനം ആരംഭിക്കുകയും ഇവയുടെ സംസ്കരണം വഴി ലഭിക്കുന്ന ബയോഗ്യാസ് ഗ്രാമപഞ്ചായത്ത് പ്രദേശത്തുള്ള മന്ദാരം, സുനാമി കോളനി നിവാസികൾക്ക് പാചകവാതകമായി നൽകുകയും ചെയ്യുന്നു. ഇവിടെ പൂന്തോട്ടം, പുൽതകിട് കിളിക്കൂട്, പട്ടതാകുളം, മീൻകുളം എന്നിവ ഒരുക്കി മനോഹരമാക്കുകയും ചെയ്തിട്ടുണ്ട്. മാത്രമല്ല, ഹരിതകർമ്മസേനക്ക് കൃഷി ചെയ്യാനുള്ള സൗകര്യം ഒരുക്കുക കൂടി ചെയ്തിട്ടുണ്ട്.

9. 20 ഹരിതസേനാംഗങ്ങളുടെ സേവനം ഉപയുക്തമാക്കി മാസം തോറും വീടുകളിൽനിന്നും പ്ലാസ്റ്റിക് മാലിന്യങ്ങൾ ശേഖരിച്ചുവരുന്നു. മാത്രമല്ല ഒന്നൊഴികെ എല്ലാ വാർഡുകളിലും പ്ലാസ്റ്റിക് ശേഖരിക്കുന്ന മിനി എം.സി.എഫുകൾ തൊഴിലുറപ്പപദ്ധതി പ്രകാരം നിർമിച്ചിട്ടുണ്ട്. ഇപ്രകാരം ശേഖരിക്കുന്ന പ്ലാസ്റ്റിക് ഷ്രെഡിങ് യൂണിറ്റിലെത്തിച്ച് പൊടിച്ച് റോഡ് ടാറിങിനുവേണ്ടി ഉപയോഗിക്കുന്നു. ബാക്കിയുള്ളവ ക്ലീൻ കേരളക്ക് നൽകുന്നു.

10. പ്രളയവും അതിവർഷവും ബാധിച്ച ഗ്രാമപഞ്ചായത്തിൽ അതുമൂലം തോടുകളിൽ അടിഞ്ഞുകൂടിയ ചെളി ഉൾപ്പെടെയുള്ള മാലിന്യങ്ങൾ നീക്കം ചെയ്ത് നീരൊഴുക്ക് സുഗമമാക്കുന്നതിനുള്ള പ്രൊജക്റ്റുകൾ ആവിഷ്കരിച്ച് നടപ്പിലാക്കിയത് പടിഞ്ഞാറൻ മേഖലയിലെ വെള്ളക്കെട്ട് ലഘൂകരിച്ചു.

11. സാമ്പത്തികവർഷം അസി. എൻജിനീയർ നിർവ്വഹണോദ്യോഗസ്ഥയായി ധാരാളം പ്രൊജക്റ്റുകൾ നടപ്പിലാക്കി. സ്ഥലപരിശോധനാസമയത്ത് കണ്ട പ്രവൃത്തികളെല്ലാം നല്ല രീതിയിൽ നിർവഹിച്ചതായി കാണപ്പെട്ടു.

12. വാർഡ് 15ൽ ഗ്രാമപഞ്ചായത്തിന് വിട്ടുകിട്ടിയ സ്ഥലത്തുള്ള ഇൻഡോർ സ്റ്റേഡിയത്തിൽ വോളിബോൾ കോർട്ടും വനിതകൾക്കുവേണ്ടി ജിം പരിശീലനകേന്ദ്രവും നിർമിച്ചു.

13. താഴെപ്പറയുന്ന സ്ഥലങ്ങൾ സൗജന്യമായി ലഭിക്കുകയും ഗ്രാമപഞ്ചായത്തിന്റെ പേരിൽ രജിസ്റ്റർ ചെയ്യുകയും ചെയ്തിട്ടുണ്ട്.

1. 15/10/19 ന് വാർഡ് 10 ൽ ശ്രീ. രഞ്ജിത്ത് കിഴക്കേടത്ത് എന്നവർ നൽകിയ സർവെ നമ്പർ 256/6എ യിലുള്ള 02.02 ആർ സ്ഥലത്ത് കൃഷിഭവൻ നിർമിച്ചുവരുന്നു.

2. 27/11/19 ന് ശ്രീ. അബ്ദുൾകാദർ നെടിയപറമ്പിൽ എന്നവർ വാർഡ് മൂന്നിൽ അംഗണവാടി കെട്ടിടത്തിനായി സ്ഥലം നൽകി.

3. 16/08/19 ശ്രീ. ദിൽബർ ഷാഹുൽ മതിലകത്തുവീട്ടിൽ എന്നവർ സർവെ നമ്പർ 329/8-1 ൽ 2.83 ആർ സ്ഥലം വെറ്ററിനറി സബ് സെന്റർ നിർമിക്കുന്നതിനായി നൽകി.

4. 16/10/19 ന് ശ്രീ. രവികുമാർ ചക്കൻചാത്ത് എന്നവർ സർവെ നമ്പർ 64/18,64/19 ൽ 1.39 ആർ സ്ഥലം സംഭാവന നൽകി.

5. 16/10/19 ന് ഗ്രാമപഞ്ചായത്ത് പ്രസിഡന്റായിരുന്ന ശ്രീ. കെ.കെ.സച്ചിത്ത് കിഴക്കേടത്ത് എന്നവർ സർവെ നമ്പർ 75/3-4 ൽ 2.36 ആർ സ്ഥലം ബഡ്സ് റിഹാബിലിറ്റേഷൻ സെന്റർ നിർമിക്കുന്നതിനായി നൽകി.

6. കോവിഡ് മഹാമാരി സംജാതമായപ്പോൾ ജനകീയ ഹോട്ടലിനുവേണ്ടി ഷാഹുൽ ഹമീദ് മതിലകത്തുവീട്ടിൽ എന്നവർ നൽകിയ 150000 രൂപ സംഭാവനയെപ്പറ്റി 1(1)/17/4/20 ലെ ഭരണസമിതി തീരുമാനത്തിൽ പ്രത്യകം പരാമർശിച്ചിട്ടുണ്ട്.

ഗ്രാമപഞ്ചായത്തിന്റെ വികസനക്ഷേമ കാരുണ്യപ്രവർത്തനങ്ങൾക്ക് ഉദാരമായി സംഭാവന ചെയ്തവരെല്ലാം പ്രത്യേകം പരാമർശമർഹിക്കുന്നു. മേൽപറഞ്ഞ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിന് ഇവർ മറ്റുള്ളവർക്ക് മാതൃകയാകുക കൂടി ചെയ്യുന്നു.

വാർഷികകണക്കുകളിലെയും വരവുചെലവിനങ്ങളിലെയും അപാകതകളും നിരീക്ഷണങ്ങളും ഈ റിപ്പോർട്ടിലെ ഒന്നാം ഭാഗത്തിൽ അതതു ഖണ്ഡികകളിൽ പ്രതിപാദിച്ചിട്ടുള്ളതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 18.10.2021 | 01/2021 മുതൽ 03/2021 വരെ | 12/21 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 30-01-2013 മുതൽ 13-02-2013 വരെ | 2007-08 മുതൽ 2011-12 വരെ | 21.03.2013 |

## 1-11 അടിസ്ഥാന അനുപാതങ്ങൾ സംബന്ധിക്കുന്ന പത്രികകൾ ഓഡിറ്റിന് സമർപ്പിച്ചിട്ടില്ല

വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ സംബന്ധിക്കുന്ന പത്രിക ഉൾപ്പെടുത്തിയിട്ടില്ല. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011, ചട്ടം 62 (എഫ്))

## 1-12 വസ്തു നികുതി (റെഡിഡൻഷ്യൽ - തൻവർഷം) - ഡിസിബി കണക്കുകളും വാർഷികകണക്കുകളും പൊരുത്തപ്പെടുന്നില്ല

വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ നിന്നും ലഭിക്കുന്ന വസ്തുനികുതി ഡിമാന്റ് തുക ആണ് കണക്കുകൾ തയ്യാറാക്കുന്ന സോഫ്റ്റ്‌വെയർ ആയ "സാംഖ്യ"യിൽ ഡിമാന്റ് ആയി ചേർക്കുന്നത്. വസ്തുനികുതി സ്വീകരിച്ച് രസീത് നൽകുന്നതും ലെഡ്ജർ തയ്യാറാക്കുന്നതും "സാംഖ്യ" സോഫ്റ്റ്‌വെയർ ഉപയോഗിച്ചാണ്. ഇതിലെ രസീത് കളക്ഷനാണ് വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ യാന്ത്രികമായി പോസ്റ്റ് ചെയ്യപ്പെടുന്നതും. ഇപ്രകാരം തയ്യാറാക്കുന്നതിനാൽ ഡി.സി.ബി രജിസ്റ്റർ പ്രകാരവും വാർഷികകണക്കുകളിലെ പത്രികകൾ പ്രകാരവുമുള്ള ഡിമാന്റ്, കളക്ഷൻ, നീക്കിയിരിപ്പ് എന്നീ ഇനങ്ങളിലെ തുകകൾ പൊരുത്തപ്പെടേണ്ടതാണ്. എന്നാൽ "സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെയും ലൈബ്രറി സെസ്സിന്റെയും ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളും "സാംഖ്യ" സോഫ്റ്റ്‌വെയർ -ൽ തയ്യാറാക്കിയ വാർഷിക കണക്കിലെ തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല. മേൽ സാഹചര്യത്തിൽ വാർഷികകണക്കുകളും, ഡി.സി.ബി രജിസ്റ്ററും പൊരുത്തപ്പെടാതിരിക്കുന്നതിന് കാരണം കണ്ടെത്തി പരിഹരിക്കേണ്ടതാണ്.

**തൻവർഷം**-റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 3059165 | 3011376 | 34438 | 22220 |
| വാർഷിക കണക്കിലെ വിവിധ പത്രികകൾ പ്രകാരം | 3059165 | 3002895 | 42058 | *22104 |
| | (ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ ഐ-1) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | (350410101-Advance Collection-PT On Res. Bldg-ന്റെ ലെഡ്ജർ) | *(23209 /105X100)= (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) ചെറിയ തുക വ്യത്യാസം, റൗണ്ട് ഓഫ് തുകയായി പരിഗണിച്ച് സഞ്ചയയിലെ തുക എടുക്കുന്നു |

## 1-13 വസ്തു നികുതി (നോൺ-റെഡിഡൻഷ്യൽ - തൻവർഷം) - ഡിസിബി കണക്കുകളും വാർഷികകണക്കുകളും പൊരുത്തപ്പെടുന്നില്ല

നോൺ-റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 2172732 | 2064812 | 25380 | 103423 |
| വാർഷിക കണക്കിലെ വിവിധ പത്രികകൾ പ്രകാരം | 2172732 | 2053741 | 25380 | *103482 |
| | (ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ ഐ-1) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | (350410104-Advance Collection-PT On NR Bldg-ന്റെ ലെഡ്ജർ) | *(108656 /105X100) (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

## 1-14 വസ്തുനികുതി - റെസിഡൻഷ്യൽ (കുടിശ്ശിക)-വാർഷികകണക്കുകളും ഡിസിബി രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല

**കുടിശ്ശിക**-റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | ബാക്കി |
|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 115060 | 24531 | 90557 |
| വാർഷിക കണക്കിലെ വിവിധ | *116873 | 24366 | 90572 ** |
| | *(2019-20 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) (42132+80585=122717/105*100) | (റസീറ്റ് & പേയ്മെന്റ് പത്രിക, | ** (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ |

| | | | |
|---|---|---|---|
| പത്രികകൾ പ്രകാരം | | ഷെഡ്യൂൾ ആർ.പി-43) | ബി-15) (95101/105X100) |

## 1-15 വസ്തുനികുതി - നോൺ റെസിഡൻഷ്യൽ (കുടിശ്ശിക)-വാർഷികകണക്കുകളും ഡിസിബി രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല

നോൺ-റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | ബാക്കി |
|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്വെയർ പ്രകാരം | 627983 | 498154 | 129888 |
| വാർഷിക കണക്കിലെ വിവിധ പത്രികകൾ പ്രകാരം | 256158 | 497423 | 130258 |
| | (2019-20 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) * (178009+90957=268966/105*100) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | ** (136771/105X100) 130258.09/- ചെറിയ തുക വ്യത്യാസം, റൗണ്ട് ഓഫ് തുകയായി പരിഗണിച്ച് സഞ്ചയയിലെ തുക എടുക്കുന്നു. (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

## 1-16 ലൈബ്രറി സെസ്സ് - വാർഷികകണക്കും ഡിസിബി പത്രികയും പൊരുത്തപ്പെടുന്നില്ല

**ലൈബ്രറി സെസ്സ് (തൻവർഷം +കുടിശ്ശിക)**

| | | ഡിമാന്റ് | | | കളക്ഷൻ | | | മുൻകൂർ ക്രമീകരിച്ചത് | ഡിമാന്റ് കുറവ് ചെയ്തത് | ബാക്കി | | |
|---|---|---|---|---|---|---|---|---|---|---|---|---|
| | | തൻ വർഷം | കുടിശ്ശിക | ആകെ | തൻ വർഷം | കുടിശ്ശിക | ആകെ | | | തൻ വർഷം | കുടിശ്ശിക | ആകെ |
| "സഞ്ചയ" സോഫ്റ്റ് വെയർ പ്രകാരം | റെസിഡൻഷ്യൽ | 155058 | 5817 | 160875 | 152048 | 1247 | 153295 | 1998 | - | 989 | 4544 | 5536 |
| | നോൺ-റെസിഡൻഷ്യൽ | 111742 | 31889 | 143631 | 103931 | 24949 | 128880 | 1459 | - | 5233 | 6883 | 12119 |
| | ആകെ | | | 304506 | | | 282175 | 3457 | | | | 17655 |
| വാർഷിക കണക്കിലെ വിവിധ പത്രികകൾ പ്രകാരം | | 285525 + 19053 = 304578 | | | 243090 | | | | 287991 | 17649 | | |
| | | (2019-20ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ, ബി-15, 431910101 – State Govt. Cess/Levies...... ലെഡ്ജർ 2020-21) | | | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-36 (വരവ്)) | | | | (431910101 - State Govt. Cess/Levies...... ലെഡ്ജർ 2020-21) | (ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-15) | | |

## 1-17 വസ്തു നികുതി - കൃത്യമായ ഡിമാന്റ് എൻട്രി ഇല്ല

1/4/2020 ൽ നിലവിലുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി ഡിമാന്റ് തുക (റെസിഡൻഷ്യൽ/നോൺ റസിഡൻഷ്യൽ) വർഷാരംഭത്തിൽ ഡിമാന്റ് തുകയായി രേഖപ്പെടുത്തേണ്ടിയിരുന്നതും 2020-21 ൽ അസസ്സ് ചെയ്യപ്പെടുന്ന വസ്തുനികുതി ഉൾപ്പെടെയുള്ള, അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റ്, അസസ്സ്മെന്റ് രജിസ്റ്റർ, അസസ്സ്മെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന ചേർക്കേണ്ടിയിരുന്നതുമാണ്. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 17(2)). പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എൻട്രികൾ മുഖേന ചെയ്യേണ്ടതുമാകുന്നു. ഈ രേഖപ്പെടുത്തൽ ജേണൽ വൗച്ചർ, വർക് ഷീറ്റ്, നിയമാനുസൃത അനുമതി എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത്. 2020-21 വർഷത്തിൽ പെരിഞ്ഞനം ഗ്രാമപഞ്ചായത്തിൽ 200 പുതിയ കെട്ടിടങ്ങൾക്ക് നികുതി ചുമത്തിയിട്ടുണ്ട്. എന്നാൽ 2020-21 ലെ “110100101-Property Tax On Residential Building”എന്ന ശീർഷകത്തിലേയും “110100103-Property Tax On Non Residential Building” എന്ന ശീർഷകത്തിലേയും ലെഡ്ജറുകൾ പരിശോധിച്ചതിൽ നിന്നും 2020-21 സാമ്പത്തിക വർഷത്തെ ഡിമാന്റ് ഒരു തവണ മാത്രം രേഖപ്പെടുത്തിയിരിക്കുന്നതായി കാണുന്നു. ഈ ഡിമാന്റ് എൻട്രികൾക്കും സാധുത നല്കുന്ന വൗച്ചറുകളും ഇല്ല. “സഞ്ചയ" സോഫ്റ്റ്‌വെയറിൽ നിന്നും വർഷാവസാനം ഉള്ള ഡിമാന്റ് തുകയിലേക്ക് വാർഷികകണക്കിലെ തുക ക്രമീകരിക്കുന്ന രീതിയിൽ രേഖപ്പെടുത്തലുകൾ നടത്തിവരുകയാണ് ചെയ്യുന്നത് എന്ന് ഇതിൽ നിന്ന് വ്യക്തമാണ്. ആയതിനാൽ നിയമപ്രകാരമുള്ള റമിഷൻ, എഴുതി തള്ളൽ തുടങ്ങിയവ സംബന്ധിച്ച് കണക്കുകളിൽ രേഖപ്പെടുത്തൽ ഇല്ലാതെ പോകുന്നു. ചട്ടത്തിൽ നിർദ്ദേശിച്ച രീതിയിൽ വസ്തുനികുതി ഡിമാന്റ് നിയമപ്രകാരം ഉത്ഭവിക്കുന്ന സമയത്ത് തന്നെ രേഖപ്പെടുത്തലുകൾ വരുത്തുന്നതിനും രജിസ്റ്ററുകളുമായി പ്രതിമാസ പൊരുത്തപ്പെടുത്തൽ നടത്തി ആഭ്യന്തരനിയന്ത്രണ സംവിധാനം ഫലപ്രദമാക്കുന്നതിനും, ഡിമാന്റ് എൻട്രികൾക്ക് സാധുത നല്കുന്ന വൗച്ചറുകളും അനുബന്ധ രേഖകളും സൂക്ഷിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതുമാണ്.

## <u>1-18 ലൈബ്രറി സെസ്സ് കളക്ഷൻ - വാർഷികകണക്കും ഡിസിബി പത്രികയും പൊരുത്തപ്പെടുന്നില്ല</u>

തൻവർഷം ആകെ ലൈബ്രറി സെസ്സ് ഇനത്തിൽ കളക്ഷൻ വാർഷിക കണക്ക് പ്രകാരം 243090/- രൂപയും സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരം 282175/- രൂപയുമാണ്. ലൈബ്രറി സെസ്സ് ഡിമാന്റ് തുക രേഖപ്പെടുത്തി വരുന്ന “431910101 State Govt Cesses/Levies In Property Tax Control Account” എന്ന ലെഡ്ജറിൽ നിന്ന് ഇപ്രകാരം തൻവർഷം ആകെ ലൈബ്രറി സെസ്സ് ഇനത്തിൽ (കുടിശ്ശിക ഉൾപ്പെടെ) കളക്റ്റ് ചെയ്ത തുകയാണ് ഡിമാന്റിൽ നിന്ന് കുറവ് ചെയ്യേണ്ടത്. എന്നാൽ വാർഷിക കണക്കും വസ്തുനികുതി ഡിമാന്റ് രജിസ്റ്ററും ലൈബ്രറി സെസ്സ് കളക്ഷന്റെ കാര്യത്തിൽ പൊരുത്തപ്പെടുന്നില്ല എന്ന് മാത്രമല്ല, മേൽ പ്രകാരം ഡിമാന്റ് കുറവ് ചെയ്തിരിക്കുന്നത് ഈ രണ്ടു തുകയുമല്ല, മറിച്ച് 287991/- രൂപയാണ്.

## <u>1-19 Prior Period Items- എൻട്രികളെ സാധൂകരിക്കുന്ന രേഖകൾ ഇല്ല</u>

2019-20 വർഷത്തെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-9 “Other Liabilities” എന്ന ശീർഷകത്തിൽ വസ്തുനികുതിയിനത്തിൽ മുൻകൂർ ആയി ലഭിച്ചതും എന്നാൽ 31/3/2020 ൽ ക്രമീകരിക്കാൻ അവശേഷിക്കുന്നതുമായ തുകയേക്കാൾ കൂടുതൽ തുക 2020-21 വർഷം ഈയിനത്തിൽ ക്രമീകരിച്ചതായി കാണുന്നു. “Prior Period Items” എന്ന നോമിനൽ അക്കൗണ്ട് പ്രകാരം അഡ്വാൻസ് തുക വർദ്ധിപ്പിക്കുകയും തുടർന്ന് ആയത് തൻവർഷത്തേക്ക് ക്രമീകരിക്കുകയുമാണ് ചെയ്തത്. ക്യാഷ് ആയി അഡ്വാൻസ് തുക ലഭിച്ചിട്ടില്ല. മേൽ വർദ്ധനക്ക് ആയതിന് വൗച്ചറുകളോ മറ്റ് രേഖകളോ സൂക്ഷിച്ചിട്ടുമില്ല. ക്രമീകരിച്ച തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ. നം | ശീർഷകം | ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 പ്രകാരം 31.03.20 ൽ ക്രമീകരിക്കാൻ അവശേഷിക്കുന്ന തുക | 2020-21ലെ ലെഡ്ജർ പ്രകാരം തൻവർഷം ക്രമീകരിച്ച തുക |
|---|---|---|---|
| 1 | 350410101-Advance Collection | 626729 | * 34438+5940+1680=42058 |

| | | | |
|---|---|---|---|
| | Of Revenues -Property Tax On Residential Building | | |
| 2 | 350410101-Advance Collection Of Revenues -Property Tax On Non-Residential Building | 102357 | ** 25380 |

* 2019-20 വർഷത്തിൽ Prior Period Items മുഖേന ടി ശീർഷകത്തിൽ 651403/- രൂപ ജേണൽ വൗച്ചർ മുഖേന വർദ്ധിപ്പിച്ചിരുന്നു.

** 2019-20 വർഷത്തിൽ Prior Period Items ശീർഷകത്തിൽ 165159/- രൂപ ജേണൽ വൗച്ചർ മുഖേന വർദ്ധിപ്പിച്ചിരുന്നു. മേൽ തുകകൾ കൂടി ഉൾപ്പെട്ടതാണ് ടി ശീർഷകത്തിലെ മുന്നിരിപ്പ്.

## 1-20 "Prior Period Items" എന്ന നോമിനൽ അക്കൗണ്ട് പ്രകാരം അഡ്വാൻസ് തുക സാങ്കല്പികമായി ജേണൽ വൗച്ചർ മുഖേന വർദ്ധിപ്പിച്ചത് അംഗീകരിക്കുന്നില്ല

തൻവർഷത്തെ വസ്തു നികുതി അഡ്വാൻസ് ലെഡ്ജർ അക്കൗണ്ട് പരിശോധിച്ചു. അതിൽ 5029/- രൂപ കാഷ് ആയോ ബാങ്ക് മുഖേനയുള്ള വരവായി ലഭിച്ചതല്ല എന്നും "Prior Period Items" എന്ന നോമിനൽ അക്കൗണ്ട് പ്രകാരം അഡ്വാൻസ് തുക സാങ്കല്പികമായി ജേണൽ വൗച്ചർ മുഖേന വർദ്ധിപ്പിച്ചതായും കുറവു ചെയ്തതായും കാണുന്നു. ഇപ്രകാരം ജേണൽ വൗച്ചർ മുഖേന കുറവു ചെയ്യുന്നതിനും വർദ്ധനയ്ക്കും കാരണം രേഖപ്പെടുത്തിയിട്ടുള്ളതും അംഗീകരിക്കാനാകുന്നതുമായ യാതൊരു സബ് വൗച്ചറുകളും, വർക് ഷീറ്റുകളും, നടപടിക്രമങ്ങളും സൂക്ഷിച്ചിട്ടില്ല. ആയതിനാൽ ഇപ്രകാരം സാങ്കല്പിക വർദ്ധനവ്/കുറവ് വരുത്തിയത് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ഇപ്രകാരം മാറ്റം വരുത്തിയ വൗച്ചർ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

റെസിഡൻഷ്യൽ

| ക്രമ.നം | ജേണൽ വൗച്ചർ | തീയതി | തുക |
|---|---|---|---|
| 1. | 42000258 | 31.03.2021 | 1680/- |

കൂടാതെ 2019-20 വർഷത്തിൽ "Prior Period Items" മുഖേന 651403/- രൂപ ജേണൽ വൗച്ചർ മുഖേന വർദ്ധിപ്പിച്ചിരുന്നു.

നോൺ-റെസിഡൻഷ്യൽ

| ക്രമ.നം | ജേണൽ വൗച്ചർ | തീയതി | തുക |
|---|---|---|---|
| 1. | 42000259 | 31.03.2021 | 3349/- |

2019-20 വർഷത്തിൽ "Prior Period Items" മുഖേന 105159/- രൂപ ജേണൽ വൗച്ചർ മുഖേന വർദ്ധിപ്പിച്ചിരുന്നു.

## 1-21 ലൈബ്രറി സെസ്സ് - വ്യത്യാസം പരിഹരിക്കേണ്ടതാണ്

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി -15 പ്രകാരം വസ്തുനികുതിയിനത്തിലെ ആകെ കിട്ടാനുള്ള തുക (5% ലൈബ്രറി സെസ്സ് ഉൾപ്പെടെ) 363737/- രൂപയാണ്. ഇത് പ്രകാരം ഇതേ ഷെഡ്യൂളിൽ "431910101-State Govt Levies In Property Tax" എന്ന ശീർഷകത്തിൽ വരേണ്ട തുക 17321/- ആണ്. എന്നാൽ ഈ ശീർഷകത്തിൽ 17649/- രൂപ ചേർത്തിട്ടുണ്ട്. വ്യത്യാസം പരിഹരിക്കേണ്ടതാണ്.

## 1-22 അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾക്ക് പ്രതിമാസം ഡിമാന്റ് ജേണൽ എൻട്രി ചേർക്കുന്നില്ല

2020-21 ൽ അസസ്സ്ചെയ്യപ്പെടുന്ന അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റ്, അസസ്സ്മെന്റ് രജിസ്റ്റർ, അസസ്സ്മെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന ചേർക്കേണ്ടിയിരുന്നതുമാണ്. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 17(2)). പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എൻട്രികൾ മുഖേന ചെയ്യേണ്ടതുമാകുന്നു. ഈ രേഖപ്പെടുത്തൽ ജേണൽ വൗച്ചർ, വർക് ഷീറ്റ്, നിയമാനുസൃത അനുമതി എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത്. എന്നാൽ മേൽ പ്രകാരം സെക്രട്ടറി രേഖാമൂലം പ്രതിമാസപത്രികയും അനുബന്ധകണക്കുകളും തയ്യാറാക്കാതെ ഒറ്റത്തവണയായി ഡിമാന്റ്/ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എൻട്രികൾ മുഖേന ചെയ്ത വരവിനങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ. നം | വരവിനം | ഡിമാന്റ് ചേർക്കുന്ന ശീർഷകം | ഡിമാന്റ് | രേഖപ്പെടുത്തിയ തീയതി | വൗച്ചർ |
|---|---|---|---|---|---|
| 1. | കെട്ടിടങ്ങളിൽ നിന്നുള്ള വാടക(...... കെട്ടിടങ്ങൾ) | 130100101-Rent From Building | 1022760 | 01.04.20 | 42000284 |

ചട്ടത്തിൽ നിർദ്ദേശിച്ച രീതിയിൽ ഡിമാന്റ് നിയമപ്രകാരം ഉത്ഭവിക്കുന്ന സമയത്ത് തന്നെ അക്രൂവൽ രേഖപ്പെടുത്തലുകൾ വരുത്തുന്നതിനും ഡിമാന്റ് എൻട്രികൾ/ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ സാധുത നല്കുന്ന വൗച്ചറുകളും അനുബന്ധ രേഖകളും സൂക്ഷിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതുമാണ്.

## 1-23 രജിസ്റ്ററുകൾ കൃത്യമായി പരിപാലിക്കുന്നില്ല

ആഭ്യന്തരനിയന്ത്രണം ഫലപ്രദമാക്കുന്നതിന് കൈയ്യെഴുത്തായി സൂക്ഷിക്കുന്ന എല്ലാ വരവ് രജിസ്റ്ററുകളും ഡിമാന്റ് അടിസ്ഥാനത്തിലും പേജ് അടിസ്ഥാനത്തിലും തുക കണക്കാക്കുകയും മാസാന്ത്യത്തിൽ ക്ലോസ് ചെയ്ത് അതാത് ലെഡ്ജറുകളുമായി പൊരുത്തപ്പെടുത്തി, വർഷാന്ത്യത്തിൽ സംക്ഷിപ്തം രേഖപ്പെടുത്തി, സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ് (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011, ചട്ടം 58(2)(ഇ),(ജി)). നിലവിൽ ഓഡിറ്റിന് ഹാജരാക്കിയ രജിസ്റ്ററുകൾ ഇപ്രകാരം കൃത്യമായി സൂക്ഷിക്കുന്നില്ല. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

1. തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ (ജീവനക്കാർ)
2. തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ (സ്ഥാപനങ്ങൾ)
3. ഡി & ഒ ഡിമാന്റ് രജിസ്റ്റർ
4. വാടക ഡിമാന്റ് രജിസ്റ്റർ
5. ഭൂമി പാട്ടം ഡിമാന്റ് രജിസ്റ്റർ
6. ലൈബ്രറി രജിസ്റ്റർ
7. പാരമെഡിക്കൽ സ്ഥാപനങ്ങളുടെ രജിസ്റ്റർ
8. ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ രജിസ്റ്റർ
9. ബിൽഡിംഗ് പെർമിറ്റ് രജിസ്റ്റർ
10. ഭൂമി പാട്ടം കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ (എഴുതി സൂക്ഷിക്കുന്നില്ല.)

## 1-24 കാഷ് അടിസ്ഥാനത്തിൽ (അക്രൂവൽ അല്ലാതെ) രേഖപ്പെടുത്തുന്ന ഇനങ്ങൾ അതാത് വരവ് രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല

കാഷ് അടിസ്ഥാനത്തിൽ (അക്രൂവൽ അല്ലാതെ) രേഖപ്പെടുത്തുന്ന താഴെ ചേർത്തിരിക്കുന്ന ഇനങ്ങൾ അതാത് വരവ് രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല.

| ഇനം | ഇൻകം ആന്റ് | റസീറ്റ് & | രജിസ്റ്റർ |
|---|---|---|---|

| | എക്സ്പെൻഡിച്ചർ അക്കൗണ്ട് പ്രകാരം വരുമാനമായി ചേർത്ത തുക | പേയ്മെന്റ് പത്രിക പ്രകാരം | പ്രകാരം കളക്ഷൻ |
|---|---|---|---|
| Market Receipts (140500111) | 397979 | 0 | 397979 |

## 1-25 മുൻകൂർ ആയി ലഭിച്ച തുക ഡിമാന്റ് രജിസ്റ്ററിലോ പ്രത്യേകം രജിസ്റ്ററിലോ രേഖപ്പെടുത്തിയിട്ടില്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 "Other Liabilities" എന്ന ശീർഷകം പ്രകാരം താഴെ ചേർത്തിരിക്കുന്ന വരുമാനങ്ങൾക്ക് മുൻകൂർ ആയി തുക ലഭിച്ചിട്ടുണ്ട്. എന്നാൽ അതാത് ഡിമാന്റ് രജിസ്റ്ററിലോ പ്രത്യേകം രജിസ്റ്ററിലോ മുൻകൂർ തുകയുടെ കണക്കുകൾ രേഖപ്പെടുത്തുകയോ, ബാലൻസ്ഷീറ്റുമായി പൊരുത്തപ്പെടുത്തി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുകയോ ചെയ്തിട്ടില്ല.

| ക്രമ. നം | വരുമാനം | മുൻകൂർ ശീർഷകം | 31/3/2021 ലെ മുൻകൂർ തുക |
|---|---|---|---|
| 1 | തൊഴിൽ നികുതി | 350410102-Advance Collection Of Revenues-Profession Tax /Inst/Trad/Prof | 174210 |
| 2 | ഡി & ഒ | 350410301-Advance Collection Of Revenues-Licence Fees For Dangerous And Offensive Trades | 232800 |

## 1-26 കുടിശ്ശിക - പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15 പ്രകാരം വസ്തുനികുതി ഇനത്തിലും, വാടകയിനത്തിലും കുടിശ്ശിക ഉണ്ട്. എന്നാൽ നികുതി, നികുതിയെതര കുടിശ്ശിക വർഷാടിസ്ഥാനത്തിൽ കണക്കാക്കി, സർക്കാർ ഉത്തരവ് 152/2011/ത.സ്വ.ഭ.വ തീ. 26/7/2011, കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011 (ചട്ടം 58(4)എച്ച്) എന്നിവ പ്രകാരം ലഭ്യത സംശയാസ്പദമായ തുക കണക്കാക്കി ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ടിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

## 1-27 Prior Period Item-വൗച്ചറുകൾ ലഭ്യമാക്കിയിട്ടില്ല

ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് (ഐ-18) പ്രകാരം "280000000-Prior Period Item" എന്ന ശീർഷകത്തിൽ ഉൾപ്പെടുന്ന താഴെ പറയുന്ന ലെഡ്ജറുകളിൽ ജേണൽ വൗച്ചർ മുഖേന എഴുതി തള്ളിയ തുകകൾക്കും, വരുമാനമായി ക്രമീകരിച്ചിരിക്കുന്ന തുകകൾക്കും, തിരുത്തൽ എൻട്രികൾക്കും അംഗീകരിക്കപ്പെട്ട വൗച്ചറുകളോ, രേഖപ്പെടുത്തലുകൾക്ക് പിൻബലം നൽകുന്ന വൗച്ചറുകളോ, ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ താഴെ ചേർത്തിരിക്കുന്ന ലെഡ്ജർ പ്രകാരമുള്ള രേഖപ്പെടുത്തലുകൾ നിയമാനുസൃതം ആണെന്നോ കൃത്യമാണെന്നോ ഉറപ്പ് വരുത്തുന്നതിന് സാധിച്ചിട്ടില്ല.

| ശീർഷകം (ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ I-18) | 31/3/2021ലെ ലെഡ്ജർ ബാക്കി |
|---|---|
| 280100101-Prior Period Income - Property Tax On Residential Buildings | 88 |
| 280100102-Prior Period Income - Property Tax On Institution | (5200) |

| | |
|---|---|
| 280100104-Prior Period Income-Property Tax On Non Residential Buildings | (375530) |
| 280200101-Prior Period Income-Rent From Building | (15581) |
| 280200401-Prior Period Income-Other Income | 28095 |
| 280200201-Prior Period Income-License Fee | (1000) |
| 280800701-Prior Period- Miscellaenous | 365998 |

## 1-28 ജേണൽ എൻട്രികൾക്ക് യാതൊരു വൗച്ചറും സൂക്ഷിക്കുന്നില്ല

കാഷ് അല്ലെങ്കിൽ ബാങ്ക്/ട്രഷറി അക്കൗണ്ടുകളുമായി ബന്ധമില്ലാത്ത ഇടപാടുകൾ ജേണൽബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്. (പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ 2011, ചട്ടം 7) ജേണൽ വൗച്ചറുകൾ ഉൾപ്പെടെ എല്ലാ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക് ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. നിലവിൽ ഇപ്രകാരം ഒരു നിയന്ത്രണം ഇല്ലാതെയാണ് ജേണൽ എൻട്രികൾ രേഖപ്പെടുത്തുന്നത്. പ്രധാനമായും വസ്തുനികുതിയിനത്തിലുള്ള പിരിവ്, ബാക്കി, മുൻകൂർ, കുടിശ്ശിക ഡിമാന്റ്, കുടിശ്ശിക പിരിവ്, കുടിശ്ശിക ബാക്കി എന്നിവ എഴുതി തള്ളാനും, ക്രമീകരിക്കാനും സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള ഡി.സി.ബി രജിസ്റ്ററിലെ തുകയിലേയ്ക്ക് മാനുവലായി പൊരുത്തപ്പെടുത്താനും, മുൻകൂർ തുക വർദ്ധിപ്പിക്കുന്നതിനും നടത്തുന്ന ജേണൽ എൻട്രികൾക്ക് യാതൊരു വൗച്ചറും സൂക്ഷിക്കുന്നില്ല. എല്ലാ ജേണൽ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക് ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

## 1-29 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല

ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ബാലൻസ്ഷീറ്റിൽ പരാമർശിച്ചിട്ടുള്ള സ്ഥിരാസ്തികളുടെ അസ്തിത്വവും മൂല്യവും പരിശോധിക്കാൻ സാധിക്കുന്ന മാതൃകയിലല്ല ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നത്.

## 1-30 കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് - കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല

വാർഷികകണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ താഴെ ചേർത്തിരിക്കുന്ന ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല.

കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2020-21 കാലയളവിലെ "Net Increase In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 1682140/- രൂപയാണ്. എന്നാൽ ഇതെ പത്രികയിൽ 2020-21 കാലയളവിൽ "Net Cash Generated By Operating + Investing + Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 6477075/- രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകൾ പൊരുത്തപ്പെടുന്നില്ല.

## 1-31 ഇൻവെസ്റ്റ്മെന്റ് - വാർഷികകണക്കുമായി പൊരുത്തപ്പെടുന്നില്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ B12 പ്രകാരം 4879136/- രൂപയുടെ നിക്ഷേപം കാണുന്നു. എന്നാൽ ഇൻവെസ്റ്റ്മെന്റുകൾ ഭൗതിക പരിശോധനക്ക് ഹാജരാക്കിയത് പരിശോധിച്ചതിൽ വ്യത്യാസം കാണുന്നു. വിശദവിവരം താഴെ കൊടുക്കുന്നു.

| സ്ഥിരനിക്ഷേപ രസീത് നം. | തുക | ബാങ്ക് |
|---|---|---|
| 02140010052707 | 2186068/- | സർവീസ് സഹകരണ ബാങ്ക്, പെരിഞ്ഞനം |
| 102140010055639 | 1500000/- | ” |
| 102140010055638 | 1000000/- | ” |
| | **4686068/-** | |

## 1-32 ഡെപ്പോസിറ്റ് രജിസ്റ്റർ/ഇൻവെസ്റ്റ്മെന്റ് രജിസ്റ്റർ/അഡ്വാൻസ് രജിസ്റ്റർ എന്നിവ എഴുതി സൂക്ഷിക്കുന്നില്ല

ഷെഡ്യൂൾ B-7/B-18/B-14 പ്രകാരമുള്ള താഴെ പറയുന്ന ഹെഡ്ഡുകളുടെ നീക്കിയിരിപ്പുകളുടെ ഡെപ്പോസിറ്റ് രജിസ്റ്റർ/സ്റ്റോക്ക് രജിസ്റ്റർ/അഡ്വാൻസ് രജിസ്റ്റർ എന്നിവ എഴുതി സൂക്ഷിക്കാത്തതിനാൽ നീക്കിയിരിപ്പുകളുടെ കൃത്യത പരിശോധിക്കാൻ സാധിച്ചില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| ഷെഡ്യൂൾ | ഹെഡ്ഡ് | ഇനം | തുക |
|---|---|---|---|
| B-18 | 460500201 | Advance To Implementing Agencies-Deposit With KWA | 942000 |
| | 460500202 | Advance To Implementing Agencies-Deposit With KSEB | 30828 |
| B-7 | രജിസ്റ്റർ ലഭ്യമായിട്ടില്ല. | Deposit Received (Code-340) | 940267 |
| B-14 | രജിസ്റ്റർ ലഭ്യമായിട്ടില്ല. | 430100103-Stock In Hand | 79547 |

## 1-33 അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി -4 പ്രകാരം പ്രത്യേകോദ്ദേശ്യ ഗ്രാന്റ് തുകകൾ, ഗുണഭോക്തൃവിഹിതം എന്നീ ഇനങ്ങളിൽ ചെലവഴിക്കാൻ 31.03.21 ൽ ബാക്കിയുള്ള തുകയും ഈയാവശ്യത്തിനായി തുടങ്ങിയിട്ടുള്ള ബാങ്ക് അക്കൗണ്ടുകളുടെ 31.03.21 ലെ നീക്കിയിരിപ്പ് തുകകളും തുല്യമാകേണ്ടതുണ്ട്. അപ്രകാരം തുല്യമാകാത്തവയുടെ വിവരങ്ങൾ ചേർക്കുന്നു. ഇപ്രകാരം പ്രത്യേകോദ്ദേശ്യ വിഹിതങ്ങൾ, ഗുണഭോക്തൃവിഹിതം എന്നിവ തനത് ഫണ്ടിൽ നിക്ഷേപിച്ച സംഗതികളിൽ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല.

| | ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി -4 | | | ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി -17 | | |
|---|---|---|---|---|---|---|
| ക്രമനമ്പർ | ശീർഷകം | ഇനം | തുക | ശീർഷകം | ബാങ്ക് അക്കൌണ്ട് | തുക |
| 1 | 320700104 | Contribution For J.V.P(C.E)-From BP | 253635 | 450650109 | Treasury STSB-J.V | 530957 |
| 2 | 320700204 | Contribution For J.V.P(R.E)-From BP | 554217 | | | |
| 3. | 320700205 | Contribution For J.V.P(R.E)-From DP | 14500 | | | |
| | | | 822352 | | | |
| മറ്റ് ഹെഡ്ഡുകളുടെ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല. | | | | | | |

## 1-34 ബി-17 പ്രകാരമുള്ള പ്രത്യേകോദ്ദേശ്യ ബാങ്ക് അക്കൗണ്ടുകൾക്ക് തത്തുല്യമായ ബാധ്യതാ ശീർഷകം ബാലൻസ്ഷീറ്റ് ബി-4 ൽ ചേർത്തിട്ടില്ല

താഴെ ചേർത്തിരിക്കുന്ന ബാലൻസ്ഷീറ്റ് പ്രകാരം ബി-17 പ്രകാരമുള്ള പ്രത്യേകോദ്ദേശ്യ ബാങ്ക് അക്കൗണ്ടുകൾക്ക് തത്തുല്യമായ ബാധ്യതാ ശീർഷകം ബാലൻസ്ഷീറ്റ് ബി -4 ൽ കാണുന്നില്ല.

| ക്രമ നമ്പർ | ശീർഷകം | ബാങ്ക് അക്കൗണ്ട് | തുക |
|---|---|---|---|
| 1 | 450410103 | SBT-Distress Relief Fund | 1253 |
| 2 | 450410104 | SBI-Salary A/C | 4397010 |
| 3 | 450410106 | SBI-Life Loan | 399345 |
| 4 | 450430101 | TDCB-MNCo-Operative Bank-SF-1 | 805412 |
| 5 | 450430102 | PSCB Ltd EMSCo-Operative Bank-SF-2 | 14593 |

## 1-35 കാലാവധി കഴിഞ്ഞ ചെക്കുകൾ " Liability In Respect Of Stale Cheque" എന്ന ബാധ്യത ശീർഷകത്തിലേയ്ക്ക് മാറ്റിയിട്ടില്ല

താഴെ ചേർത്തിരിക്കുന്ന കാലാവധി കഴിഞ്ഞ ചെക്കുകൾ " Liability In Respect Of Stale Cheque" എന്ന ബാധ്യത ശീർഷകത്തിലേയ്ക്ക് മാറ്റി ബാങ്ക് ബുക്ക് നീക്കിയിരിപ്പ് ക്രമീകരിച്ചിട്ടില്ല. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011 (ചട്ടം 46)). ആയത് ക്രമീകരിക്കേണ്ടതാണ്.

SBI-Salary A/C(Own Fund)-67344716673

| ചെക്ക് നമ്പർ | തീയതി | തുക |
|---|---|---|
| 64876 | 18.12.2019 | 1000 |
| 249878 | 17.03.2020 | 515 |
| 00005 | 13.05.2020 | 5000 |
| 249887 | 25.05.2020 | 150 |
| 0006288 | 11.11.2020 | 4000 |

## 1-36 ബാങ്കിൽ നിക്ഷേപിച്ചിട്ട് ഒരു മാസത്തിന് മുകളിലായിട്ടും ചെക്കുകൾ ക്യാഷ് ചെയ്യിട്ടില്ല. തുടർനടപടി സ്വീകരിക്കേണ്ടതാണ്.

ബാങ്ക് റീകൺസീലിയേഷൻ പത്രിക പ്രകാരം 600/- രൂപ "Cheques Deposited But Not Credited" ആയി ഉൾപ്പെടുത്തിയിട്ടുണ്ട്. അതിൽ ബാങ്കിൽ നിക്ഷേപിച്ചിട്ട് ഒരു മാസത്തിന് മുകളിലായിട്ടും ക്യാഷ് ചെയ്യാത്ത താഴെ ചേർത്തിരിക്കുന്ന ചെക്കുകൾ ഉൾപ്പെടുന്നു. ബാങ്കുമായി ബന്ധപ്പെട്ട് തുക ക്രെഡിറ്റ് ചെയ്യപ്പെടാതിരുന്നതിന് കാരണം പരിശോധിച്ച് തുടർനടപടി സ്വീകരിക്കേണ്ടതാണ്.

| ചെക്ക് നമ്പർ | തീയ്യതി | തുക |
|---|---|---|
| 2090(Vr.No.31500156/07.08.2015) | 07.08.2015 | 600 |

## 1-37 Capital Work In Progress-വർക്ക്ഷീറ്റ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല

31.03.2021 ലെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ പ്രകാരം Capital Work In Progress എന്ന ശീർഷകത്തിൽ ചേർത്തിരിക്കുന്ന തുക 1141043/- രൂപയാണ്. എന്നാൽ ഇത് കണക്കാക്കിയതിന്റെ വർക്ക്ഷീറ്റ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

## 1-38 വായ്പ രജിസ്റ്റർ സൂക്ഷിക്കുന്നില്ല

വായ്പ ഇനത്തിൽ തൻവർഷം 877883/- രൂപ തിരിച്ചടക്കുകയും 31.03.2021 ൽ 8220934/- രൂപ തിരിച്ചടക്കാൻ ബാക്കിയുമുണ്ട്. എന്നാൽ ഈ വിവരങ്ങൾ വായ്പ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. ആയത് 2021-22 ൽ

ചേർക്കേണ്ടതാണ്.

## 1-39 ഇ എം എസ് - എം എൻ ലക്ഷം വീട് - അക്കൗണ്ട് ക്ലോസ് ചെയ്തിട്ടില്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-4, ബി-17 പ്രകാരം കോ -ഓപ്പറേറ്റീവ് ബാങ്കിൽ (ഇ എം എസ്, എം എൻ ലക്ഷം വീട് എന്നീ പദ്ധതികൾക്ക്) TDCB-Perinjanam- A/C No.10700699382 ൽ 805412/- രൂപ നീക്കിയിരിപ്പുണ്ട്. ആയത് നാളിതുവരെ ക്ലോസ് ചെയ്തിട്ടില്ല. അക്കൗണ്ട് ക്ലോസ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-40 ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് നിർവ്വഹണ ഏജൻസികൾക്ക് മുൻകൂർ തുക നൽകുമ്പോൾ " 460500204-Advance To Implementing Agencies" എന്ന ശീർഷകത്തിൽ ചെലവ് രേഖപ്പെടുത്തുന്നില്ല

താഴെ ചേർത്തിരിക്കുന്ന ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് നിർവ്വഹണ ഏജൻസികൾക്ക് മുൻകൂർ തുക നൽകുമ്പോൾ " 460500204-Advance To Implementing Agencies" എന്ന ശീർഷകത്തിൽ ചെലവ് രേഖപ്പെടുത്തുകയും ഏജൻസിയിൽനിന്നും വിനിയോഗ പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാകുന്ന മുറയ്ക്ക് മാത്രം അതാത് ചെലവ്, ആസ്തി ശീർഷകത്തിൽ ചെലവ് രേഖപ്പെടുത്തുകയും ചെയ്യുന്നതിന് പകരം, മുൻകൂർ നൽകുമ്പോൾ തന്നെ ബന്ധപ്പെട്ട ചെലവ്, ആസ്തി ശീർഷകത്തിൽ രേഖപ്പെടുത്തലുകൾ വരുത്തുന്നതായി കാണുന്നു. മാത്രമല്ല മുൻകൂർ രജിസ്റ്ററിൽ രേഖപ്പെടുത്തലുകൾ വരുത്തുന്നുമില്ല. ഇപ്രകാരം ചെയ്യുന്നതിനാൽ മുൻകൂർ തുകകളുടെ വിനിയോഗം നിരീക്ഷിക്കാൻ കഴിയാതെ വരുന്നു. ഇപ്രകാരം രേഖപ്പെടുത്തലുകൾ വരുത്തിയതിനുള്ള ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ.നം. | പ്രോജക്റ്റ് | വൗച്ചർ നമ്പർ/ ബിൽ നമ്പർ | ഡെപ്പോസിറ്റ് തുക | ചെലവ് രേഖപ്പെടുത്തിയ ശീർഷകം | ചെലവ് രേഖപ്പെടുത്തേണ്ടിയിരുന്ന ശീർഷകം |
|---|---|---|---|---|---|
| 1 | 9/21 ഇലക്ട്രിക് പോസ്റ്റ് ഷിഫ്റ്റിംഗ് | 22000060/30.4.20 | 125322/- | 230800106-Expense For Shifting Of Electric Posts | 460500202-Advance To Implementing Agencies-KSEB |
| | | 22000426/6.7.20 | 7553/- | 230800106-Expense For Shifting Of Electric Posts | |
| | | 22000559/6.8.20 | 67125/- | 252100201-Energy-Other Electrification Programme | |
| 2 | 181/21 കുടിവെള്ള പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | 22000236/ 12.05.2020 | 2,43,000/- | 412010101-Capital Work In Progress | 460500204-Advance To Implementing Agencies-KWA |
| 3 | 248/21 ജലജീവൻ മിഷൻ | 22001913/31.03.2021 | 155000/- 652206/- | 251200801-Drinking Water-General | 460500204-Advance To Implementing Agencies-KWA |

മേൽ അപാകതകൾ പരിഹരിക്കേണ്ടതാണ്.

## 1-41 ഫാക്ടറി വ്യാപാര ലൈസൻസ് എടുത്തിട്ടില്ല

താഴെ പറയുന്ന സ്ഥാപനങ്ങൾ പാരാ മെഡിക്കൽ രജിസ്ട്രേഷൻ പുതുക്കിയിട്ടുണ്ട്. എന്നാൽ ഫാക്ടറി-വ്യാപാര ലൈസൻസ് രജിസ്റ്റർ പ്രകാരം ലൈസൻസ് എടുത്തിട്ടില്ല.

| ക്രമ നമ്പർ | സ്ഥാപനം | സ്ഥാപന ഉടമ | വർഷം |
|---|---|---|---|
| 1 | ഗ്രാന്റ് മെഡിക്കൽസ് | പ്രിയ. എം.കെ., കൊല്ലപ്പറമ്പത്ത് ഹൗസ് | 2020-21 |

കേരള പഞ്ചായത്ത് രാജ് ആക്റ്റ് ചട്ടം 232 പ്രകാരം മനുഷ്യന്റെ ജീവനോ ആരോഗ്യത്തിനോ വസ്തുവകകൾക്കോ അപകടകരമോ അസഹ്യതയുണ്ടാക്കുന്നതോ ആയേക്കാനിടയുള്ള കാര്യങ്ങൾക്ക് സെക്രട്ടറി നൽകുന്ന ലൈസൻസ് കൂടാതെ പഞ്ചായത്ത് പ്രദേശത്തുള്ള യാതൊരു സ്ഥലവും ഉപയോഗിക്കാൻ പാടില്ലാത്തതാണ്. ലൈസൻസ് എടുപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-42 തൊഴിൽ നികുതി കുറവായി ഈടാക്കിയിരിക്കുന്നു

താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി കുറവായി ഈടാക്കിയിരിക്കുന്നു.

| ക്രമ നം. | സ്ഥാപനം | ജീവനക്കാരൻ | വർഷം | അടിസ്ഥാന ശമ്പളം | ആകെ തുക | പിരിക്കേണ്ട നികുതി | പിരിച്ച നികുതി | വ്യത്യാസം |
|---|---|---|---|---|---|---|---|---|
| 1 | കൗശിക ബിൽഡേഴ്സ് & ഡെവലപ്പേഴ്സ് | ജിഷ്ണു, ഡിസൈനർ | 2020-21 രണ്ടാം അർദ്ധ വർഷം | 12000/- | 72000/- | 600/- | 120/- | 480/- |
| 2 | “ | ജിത്തുരാജ്, സൂപ്പർവൈസർ | “ | 10000/- | 60000/- | 600/- | 120/- | 480/- |
| 3 | “ | പ്രഭിത, അക്കൗണ്ടന്റ് | “ | 10000/- | 60000/- | 600/- | 120/- | 480/- |
| 4 | “ | ആദിത്യ, ഡിസൈനർ | “ | 10000/- | 60000/- | 600/- | 120/- | 480/- |
| 5 | “ | കാവ്യ, അക്കൗണ്ടന്റ് | “ | 10000/- | 60000/- | 600/- | 120/- | 480/- |
| 6 | “ | രോഹിത്, സൂപ്പർവൈസർ | “ | 15000/- | 90000/- | 750/- | 120/- | 630/- |
| 7 | പ്രിയദർശിനി ഡ്രൈവിങ്ങ് സ്കൂൾ, പെരിഞ്ഞനം | സന്തോഷ് കുമാർ, ഡ്രൈവിങ്ങ് ഇൻസ്ട്രക്ടർ | “ | 27000/- | 162000/- | 1250/- | 180/- | 1070/- |
| 8 | “ | സോമപാലൻ, ഓഫീസ് ക്ലർക്ക് | “ | 24000/- | 144000/- | 1250/- | 180/- | 1070/- |
| 9 | “ | ഗിരിജ, ഡ്രൈവിങ്ങ് ഇൻസ്ട്രക്ടർ | “ | 15000/- | 90000/- | 750/- | 120/- | 630/- |
| 10 | “ | സതി, ഡ്രൈവിങ്ങ് ഇൻസ്ട്രക്ടർ | “ | 15000/- | 90000/- | 750/- | 120/- | 630/- |

| | | | | |
|---|---|---|---|---|
| | | ആകെ | | 6430/- |

കുറവായി ഈടാക്കിയ തൊഴിൽ നികുതി ജീവനക്കാരിൽ നിന്നും ഈടാക്കി അറിയിക്കേണ്ടതാണ്. (എൻക്വയറി നമ്പർ 17/ 15.12.21)

## 1-43 തൊഴിൽ നികുതി പിരിക്കാത്തതു സംബന്ധിച്ച്

2020-21-ലെ ലൈസൻസ് അപേക്ഷകൾ പരിശോധിച്ചതിൽ താഴെ പറയുന്ന സ്ഥാപനങ്ങൾ ലൈസൻസ് എടുത്തിട്ടുണ്ടെങ്കിലും തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്ററുമായി ഒത്തു നോക്കുമ്പോൾ തൊഴിൽ നികുതി പിരിച്ചതായി കാണുന്നില്ല. സ്ഥാപനങ്ങളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നമ്പർ | തൊഴിൽ നികുതി അടവാക്കാത്ത സ്ഥാപനങ്ങൾ | ജീവനക്കാരുടെ എണ്ണം |
|---|---|---|
| 1 | നാസ് എന്റർപ്രൈസസ്, പെരിഞ്ഞനം | 6 |
| 2 | ടിപ് ടോപ്പ് സിമന്റ് ബ്രിക്സ് | 5 |
| 3 | പ്രൈം ഡക്കർ ഫർണിച്ചർ വില്പന | 4 |
| 4 | സൺടോപ്പ് സോഫ്റ്റ് ഡ്രിങ്ക്സ് | 7 |
| 5 | എ.ടി.ആർ. ബേക്കേഴ്സ് & ഫുഡ് പ്രൊഡക്ട്സ് | 13 |
| 6 | സിമെന്റ്സ് ബ്രിക്സ് | 4 |
| 7 | ദേവൂസ് സ്റ്റിച്ചിങ്ങ് | 9 |
| 8 | ലക്കി സ്റ്റാർ ഹോട്ടൽ, പെരിഞ്ഞനം | 6 |
| 9 | വിതയത്തിൽ പ്രസ്സ് | 8 |
| 10 | എസ്.കെ. സർവ്വീസ് സ്റ്റേഷൻ | 5 |
| 11 | എം.എസ്. സ്നാക്ക്സ് | 4 |
| 12 | സീമാ ബ്രിക്സ്, മൂന്നുപീടിക, പെരിഞ്ഞനം | 4 |
| 13 | കിബ്രോ ഔട്ട്ഫിറ്റേഴ്സ് | 5 |
| 14 | വെൽത്തി ബേക്കേഴ്സ് | 4 |
| 15 | ഒമേഗ എന്റർപ്രൈസസ് | 12 |
| 16 | ലൈഫ് കെയർ സേവന മെഡിക്കൽസ് | 4 |
| 17 | ബാലസുധ ആയുർവേദിക്സ് | 7 |
| 18 | ഐശ്വര്യ ഫ്ളവർ മിൽ | 4 |
| 19 | ഛന്ദസ്സ് ഫുഡ് പ്രൊഡക്ട്സ് | 5 |
| 20 | ബാലകൃഷ്ണ ഫ്യൂവൽസ് | 8 |
| 21 | ഇമ ബ്യൂട്ടി പാർലർ | 4 |
| 22 | കുന്നത്ത് ഫാൽക്കൺ | 4 |
| 23 | നക്ഷത്ര ഫുഡ് പ്രൊഡക്ട്സ് | 8 |
| 24 | രേഖ സ്റ്റീൽ ഫർണിച്ചർ ഇൻഡസ്ട്രീസ് | 4 |
| 25 | ക്വാളിറ്റി ഹോട്ടൽ | 4 |
| 26 | കളേഴ്സ് പ്രിന്റിങ്ങ് പ്രസ്സ് | 4 |
| 27 | അൽസുവ ബേക്കേഴ്സ് | 8 |

| | | |
|---|---|---|
| 28 | കാരയിൽ സെന്റർ ഫോർ ആയുർവേദ തെറാപ്പീസ് | 4 |
| 29 | സസ്യ ഫെർട്ടിലൈസേഴ്സ് | 4 |
| 30 | ജോസ് വസ്ത്രാലയ | 9 |
| 31 | സെൻട്രൽ സ്പെഷ്യാലിറ്റി ഡയഗ്നോസ്റ്റിക് സെന്റർ | 4 |
| 32 | അവിയൽ റെസ്റ്റോറന്റ് | 10 |
| 33 | കൊട്ടങ്ങല്ലൂർ കോക്കനട്ട് പ്രൊഡ്യൂസർ കമ്പനി ലിമിറ്റഡ് | 9 |
| 34 | മുബാറക് ഫാമിലി റെസ്റ്റോറന്റ് & കാറ്ററിങ്ങ് സർവ്വീസ് | 8 |
| 35 | എം.എസ്. സ്നാക്സ് & ഫുഡ് പ്രൊഡക്ട്സ് | 5 |
| 36 | ഷീ ബോട്ടിക് | 4 |
| 37 | ജെ.എൻ.ജെ. മെൻസ് ഗ്യാലറി (മെൻസ് വെയർ ഷോപ്പ്) | 4 |
| 38 | ലാമിയ സിൽക്സ് | 5 |
| 39 | മിസ് മാനിക്വിൻ | 5 |
| 40 | ചമ്മിണിയിൽ ഫിഷ് മാർക്കറ്റ് | 5 |

എൻക്വയറി നമ്പർ 5/13.12.2021 പ്രകാരം അന്വേഷണക്കുറിപ്പ് നൽകിയതിൽ തൊഴിൽ നികുതി ഈടാക്കാത്ത സ്ഥാപനങ്ങൾക്ക് നോട്ടീസ് നൽകി തൊഴിൽ നികുതി അടപ്പിക്കുന്നതായിരിക്കുമെന്ന് അറിയിച്ചിട്ടുണ്ട്. തുടർ നടപടി വിവരം അറിയിക്കേണ്ടതാണ്.

## <u>1-44 പാരാ മെഡിക്കൽ രജിസ്ട്രേഷൻ നടത്തിയിട്ടില്ല</u>

താഴെ പറയുന്ന സ്ഥാപനം 2020-21 വർഷത്തെ പാരാ മെഡിക്കൽ രജിസ്ട്രേഷൻ നടത്തിയിട്ടില്ല.

| ക്രമ നമ്പർ | സ്ഥാപനം | സ്ഥാപന ഉടമ | വർഷം |
|---|---|---|---|
| 1 | ആയുർവ്വേദ ക്ലിനിക് & ഔഷധ വിൽപ്പന | സ്മിത. കെ.കെ., തുഷാരഗിരി, കാരയിൽ ഹൗസ്, മലപ്പുറം | 2020-21 |

കേരള പഞ്ചായത്ത് രാജ് ചട്ടങ്ങൾ സെക്ഷൻ 270, 1997-ലെ സ്വകാര്യ ആശുപത്രികളുടെയും സ്വകാര്യ പാരാ മെഡിക്കൽ സ്ഥാപനങ്ങളുടെയും രജിസ്ട്രേഷൻ ചട്ടങ്ങൾ പ്രകാരം മുൻകൂട്ടി രജിസ്റ്റർ ചെയ്യാതെയും രജിസ്ട്രേഷൻ പുതുക്കാതെയും ഏതൊരു സ്വകാര്യ ആശുപത്രിയും സ്വകാര്യ മെഡിക്കൽ സ്ഥാപനവും പ്രവർത്തിക്കാൻ പാടുള്ളതല്ല. രജിസ്ട്രേഷൻ നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നമ്പർ 11/13-12-2021).

## <u>1-45 ക്രമവത്ക്കരണത്തിന്റെ രജിസ്റ്റർ സൂക്ഷിക്കുന്നില്ല</u>

കേരള പഞ്ചായത്ത് രാജ് കെട്ടിട നിർമ്മാണ ചട്ടങ്ങൾ 2019 ചട്ടം 95 (3) പ്രകാരം രാജിയാക്കൽ ഫീസ് ലഭിക്കുകയും ഉപാധികൾ എന്തെങ്കിലും ഉണ്ടെങ്കിൽ അനുസരിക്കുകയും ചെയ്യുന്നതിന്മേൽ അനുബന്ധം G1 ലെ പോലെ ഒരു ഉത്തരവ് പുറപ്പെടുവിക്കേണ്ടതും അനുബന്ധം G2 വിലെ പോലെ ഒരു മാതൃകാ രജിസ്റ്ററിൽ അതിന്റെ വിശദ വിവരങ്ങൾ രേഖപ്പെടുത്തി ഒരു സ്ഥിര രേഖയായി സൂക്ഷിക്കേണ്ടതുമാണ്. എന്നാൽ പരിശോധിച്ച ഫയലുകളിൽ കെട്ടിടനിർമ്മാണം ക്രമവത്കരിച്ചതിന്റെ ഉത്തരവ് സൂക്ഷിച്ചിട്ടില്ല. കൂടാതെ ക്രമവത്കരണം സംബന്ധിച്ച രജിസ്റ്റർ സൂക്ഷിക്കുന്നില്ല. മേൽ

അപാകതകൾ പരിഹരിക്കേണ്ടതാണ്. ഓഡിറ്റ് എൻക്വയറി നൽകിയതിന് അനുബന്ധം G2 മാതൃകയിലുള്ള രജിസ്റ്ററിൽ റഗുലറൈസേഷൻ രജിസ്റ്റർ സൂക്ഷിക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്.

ഓഡിറ്റ് എൻക്വയറി (24 /16.12.2021)

## 1-46 ഭാഗികമായി നിർമ്മിച്ച കെട്ടിടം- Partially Occupancy നൽകിയതിന്റെ റിപ്പോർട്ട്, വസ്തുനികുതി നിർണ്ണയം- ഫോറം 2,6 എന്നിവ ലഭ്യമാക്കേണ്ടതാണ്.

A3/1529/2020 തീയതി 22.04.21 പ്രകാരം സർവ്വേ നം. 209/15-1 സ്ഥലത്ത് 1691.78 ച.മീ. വിസ്തീർണ്ണമുള്ള (റെസിഡൻഷ്യൽ + താമസം) കെട്ടിടം നിർമ്മിക്കുന്നതിന് റിവൈസ്ഡ് പെർമിറ്റ് നല്കിയിട്ടുണ്ട്. ആയതിന് മുമ്പ് നൽകിയ പെർമിറ്റ് (A3/1529 തീയതി 19.03.20) അപേക്ഷാ രജിസ്റ്ററിൽ സറണ്ടർ ചെയ്തതായി രേഖപ്പെടുത്തിയിട്ടില്ല. 18.12.2020 ലെ A3/6672/ അപേക്ഷ പ്രകാരം ടിയാൻ 200.91 ച.മീ. വിസ്തീർണ്ണത്തിൽ വാണിജ്യാവശ്യത്തിനുള്ള കെട്ടിടഭാഗം ഭാഗികമായി നിർമ്മിച്ചതിന്റെ അടിസ്ഥാനത്തിൽ കെട്ടിടനമ്പർ 4/450 B അനുവദിച്ച് നൽകിയിട്ടുണ്ട്.

ഭാഗികമായി നിർമ്മാണം പൂർത്തീകരിച്ച കെട്ടിടത്തിന് Partially Occupancy അനുവദിച്ചിട്ടുണ്ടോയെന്ന് അറിയിക്കേണ്ടതാണ്. കൂടാതെ ടി ഫയലിൽ കെട്ടിട ഉടമ വസ്തുനികുതി റിട്ടേൺ (ഫോറം 2) സമർപ്പിച്ചിട്ടില്ല. ഫോറം 6 പ്രകാരം കെട്ടിടത്തെ സംബന്ധിച്ച വിവരങ്ങൾ ശേഖരിച്ചതിന്റെ റിപ്പോർട്ട് ഫയലിൽ ലഭ്യമല്ല. ടി കെട്ടിടത്തിന് എയർ കണ്ടീഷനിംഗ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ എന്ന ഓഡിറ്റ് അന്വേഷണത്തിന് (ഓഡിറ്റ് എൻക്വയറി (24 /16.12.2021)) മറുപടി ലഭ്യമാക്കിയിട്ടില്ല.

ടി കെട്ടിടത്തിന് എയർ കണ്ടീഷനിംഗ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടെങ്കിൽ ആയതിനനുസരിച്ച് വസ്തുനികുതി നിർണ്ണയിക്കേണ്ടതാണ്. കൂടാതെ വസ്തുനികുതി നിർണ്ണയ ഫയലുകളിൽ ഫോറം 2, 6 എന്നിവ സൂക്ഷിക്കേണ്ടതാണ്.

## 1-47 ഒക്യുപൻസി സർട്ടിഫിക്കറ്റ് നൽകേണ്ടതാണ്

കേരള പഞ്ചായത്ത് രാജ് കെട്ടിട നിർമ്മാണ ചട്ടങ്ങൾ 2019 ചട്ടം 20(3) പ്രകാരം പൂർത്തീകരണ റിപ്പോർട്ട് ലഭിച്ചതിനു ശേഷം നിർമാണമോ കൂട്ടിച്ചേർക്കലോ പെർമിറ്റ് അനുസരിച്ചാണെന്ന് ബോധ്യപ്പെട്ടാൽ 15 ദിവസത്തിനു മുമ്പായി അനുബന്ധം F2 ഫോറത്തിൽ ഒക്യുപൻസി സർട്ടിഫിക്കറ്റും സെക്രട്ടറി സാക്ഷ്യപ്പെടുത്തിയ പ്ലാനിന്റെ പകർപ്പും നൽകേണ്ടതാണ്. എന്നാൽ ഫയലുകളിൽ ഒക്യുപൻസി സർട്ടിഫിക്കറ്റ് നൽകിയതിന്റെ രേഖകളില്ല.

ഓഡിറ്റ് എൻക്വയറി (24 /16.12.2021)

## 1-48 പെർമിറ്റ് ഫയൽ - എഞ്ചിനീയറിംഗ് വിഭാഗം തയ്യാറാക്കുന്ന റിപ്പോർട്ടിൽ വിശദാംശങ്ങൾ ഉൾപ്പെടുത്തേണ്ടതാണ്

സർക്കുലർ നം 12900/ആർ.എ/15 ത.സ്വ.ഭ.വ. തീയതി 02.12.2015 പ്രകാരം, എല്ലാ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലും കെട്ടിട നിർമ്മാണ അപേക്ഷാ രജിസ്റ്റർ കൃത്യമായി വിവരങ്ങൾ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. രജിസ്റ്ററിലെ വിവരങ്ങൾ പൂർണ്ണമായും രേഖപ്പെടുത്തേണ്ടതുമാണ്. കെട്ടിട നിർമ്മാണ അപേക്ഷാഫയലിൽ നോട്ട് ഭാഗവും കറസ്പോണ്ടന്റ് ഭാഗവും ഉണ്ടായിരിക്കേണ്ടതാണ്. ഇവയിൽ രേഖപ്പെടുത്തലുകൾ, ഫയൽ സംബന്ധമായ വിവരങ്ങൾ, മറ്റു രേഖകൾ എന്നിവ ഫയൽ നമ്പർ, പേജ് നമ്പർ എന്നിവ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. അപേക്ഷകൾ നിലവിലുള്ള കെട്ടിട നിർമ്മാണ ചട്ടങ്ങൾക്കനുസൃതമായി പരിശോധന നടത്തി എഞ്ചിനീയറിംഗ് വിഭാഗം തയ്യാറാക്കുന്ന റിപ്പോർട്ടിൽ പ്ലോട്ടിന്റെ സർവ്വേ നമ്പർ, കെട്ടിടത്തിന്റെ ഉപയോഗം, വിസ്തീർണം, എഫ്.എ.ആർ, നിലകളുടെ എണ്ണം, കവറേജ്, പാർക്കിംഗ്, കെട്ടിടനിർമാണനിയമങ്ങളും മറ്റു അനുബന്ധനിയമങ്ങളും പാലിക്കുന്നുണ്ടോയെന്ന വിശദാംശങ്ങളും പെർമിറ്റ് അനുവദിക്കുന്നതു സംബന്ധമായ കൃത്യമായ ശുപാർശയും ഉൾപ്പടുത്തേണ്ടതാണ്. ഈ റിപ്പോർട്ട് ഫയലിന്റെ ഭാഗമായി സൂക്ഷിക്കേണ്ടതാണ്. പെർമിറ്റ് ഫയലുകൾ പരിശോധിച്ചതിൽ എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ വിശദമായ റിപ്പോർട്ട് ഉൾപ്പെടുകാണുന്നില്ല. സർക്കുലറിലെ നിർദ്ദേശങ്ങൾ പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

ബിൽഡിംഗ് പെർമിറ്റ് രജിസ്റ്ററിലെ എല്ലാ കോളങ്ങളും പൂരിപ്പിക്കുന്നില്ല. വസ്തുനികുതി നിർണ്ണയിച്ചതിന്റെ വിവരങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തുന്നില്ല. വസ്തുനികുതി നിർണ്ണയവിവരങ്ങൾ കൂടി ഉൾപ്പടുത്തിയാൽ മാത്രമേ പെർമിറ്റ് ലഭ്യമായ എല്ലാ കെട്ടിടങ്ങളും നിയമാനുസൃതം പൂർത്തീകരിച്ചതായി ഉറപ്പാക്കാൻ സാധിക്കൂ. കൂടാതെ കൂട്ടിച്ചേർക്കാൻ പെർമിറ്റ് എടുത്തിട്ടുള്ള കെട്ടിടഭാഗങ്ങൾക്കും നികുതി നിർണ്ണയിച്ചിട്ടുണ്ടോയെന്ന് പരിശോധിക്കുന്നതിനും അതുവഴി നികുതിചോർച്ച തടയാനും സാധിക്കുകയുള്ളൂ. എല്ലാ മാസവും നിശ്ചിത ദിവസം സെക്രട്ടറിയോ ചുമതലപ്പെടുത്തിയ മറ്റ്

ഉദ്യോഗസ്ഥരോ രജിസ്റ്റർ പരിശോധിക്കേണ്ടതും രജിസ്റ്ററിലെ ക്രമപ്രകാരം അപേക്ഷകളിൽ നടപടി സ്വീകരിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്. പരിശോധിച്ച വിവരം തീയതി വച്ച് സാക്ഷ്യപ്പെടുത്തേണ്ടതാണ്.

## 1-49 ഷോപ്പിംഗ് കോംപ്ലക്സ് - വാടകക്കാർ 2020-21 വർഷത്തിൽ അനധികൃതമായി കെട്ടിടം കൈവശം വെച്ചു. - തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

ഫയൽ നമ്പർ. A8-3553/16

പെരിഞ്ഞനം ഗ്രാമപഞ്ചായത്തിന്റെ NH-66 ന് അഭിമുഖമായിട്ടുള്ള 43 വർഷം പഴക്കമുള്ള ഷോപ്പിംഗ് കോംപ്ലക്സ് കെട്ടിടം ബലക്ഷയമുള്ളതാണെന്ന് 05.07.2016 ൽ അസി. എഞ്ചിനീയർ റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിൽ ടി കെട്ടിടത്തിലുള്ള ലൈസൻസികളോട് 5/7/2019 തീയതിയിൽ നോട്ടീസ് നൽകുകയും മുകൾ നിലയിലുള്ളവർ ടി കെട്ടിടം ഒഴിയുകയും ചെയ്തിട്ടുള്ളതാണ്. 29.05.2019 ലെ A3-3227/19- ാം നമ്പർ റിപ്പോർട്ട് പ്രകാരം ടി കെട്ടിടം കൂടുതൽ മോശമായ അവസ്ഥയിലാണെന്നും പൊളിച്ചുമാറ്റുന്നതായിരിക്കും ഉചിതം എന്നും അസി. എഞ്ചിനീയർ വീണ്ടും റിപ്പോർട്ട് നല്കിയിട്ടുണ്ട്. 25.02.2019 ലെ 5(1) തീരുമാന പ്രകാരം വാടകക്കാർക്ക് മറ്റ് കെട്ടിടം ലഭ്യമല്ലാത്തതിനാൽ മാനുഷിക പരിഗണന വെച്ച് 01.04.2019 മുതൽ ഒരു വർഷത്തേയ്ക്ക് വാടക കരാർ നീട്ടി നൽകുന്നതിന് തീരുമാനിച്ചു. 30.11.2019 ലെ 97/ഡി.ബി.2/19/ത.സ്വ.ഭ.വ. ഉത്തരവ് പ്രകാരം 25.02.19 ലെ 5(1) തീരുമാനം അസാധുവാക്കി.

27.12.2019 ലെ തീരുമാന പ്രകാരം 31.03.2020 ന് ശേഷം വാടക കരാർ പുതുക്കി നല്കുന്നതല്ലെന്നും കരാർ കാലാവധി കഴിയുന്ന മുറയ്ക്ക് താക്കോൽ തിരികെ ഏല്പിയ്ക്കാൻ ആവശ്യപ്പെട്ട് വ്യാപാരികൾക്ക് നോട്ടീസ് നല്കിയതായും അറിയിച്ചിട്ടുണ്ട്. 02.11.2020 ന് അസിസ്റ്റന്റ് എഞ്ചിനീയർ നല്കിയ റിപ്പോർട്ടിലും ബലക്ഷയം റിപ്പോർട്ട് ചെയ്തിട്ടുണ്ട്. 27.11.2020 ന് ഒഴിഞ്ഞു പോകുന്നതിന് നിർദ്ദേശം നല്കിയിട്ടും വാടകക്കാർ ഒഴിഞ്ഞു പോയിട്ടില്ല. 26.2.21 ന് കെട്ടിടത്തിന്റെ മുകളിൽ നിന്നും ഒരു ഭാഗം പൊളിഞ്ഞു വീണതിനെ തുടർന്ന് 27.2.21 ന് കെട്ടിടത്തിലേയ്ക്കുള്ള പ്രവേശനം അടയ്ക്കുകയും ചെയ്തു. ടി കെട്ടിടങ്ങൾ 15.03.2021 വരെ പ്രവർത്തിച്ച ശേഷമാണ് വ്യാപാരികൾ താക്കോൽ തിരികെ ഏല്പിച്ചിട്ടുള്ളത്. 18.03.21 നാണ് KSEB പെരിഞ്ഞനം സെക്ഷന് IV/231 മുതൽ 235 വരെയും, 243 മുതൽ 248 വരെയുമുള്ള കെട്ടിടമുറികളുടെ കണക്ഷൻ വിച്ഛേദിക്കുന്നതിന് കത്തയച്ചിട്ടുള്ളത്.

ടി കെട്ടിടമുറികളിലെ വാടകക്കാർ (IV/231 മുതൽ 235 വരെയും, 243 മുതൽ 248 വരെയുമുള്ള കെട്ടിടമുറികൾ) 2019-20 വർഷത്തിൽ ഗ്രാമപഞ്ചായത്തുമായി കരാറിലേർപ്പെടുകയും വാടക നൽകുകയും ചെയ്തിട്ടുണ്ട്. 2020-21 വർഷത്തിൽ കരാർ പുതുക്കി നൽകേണ്ടെന്ന് തീരുമാനിച്ചതിനാൽ 2020-21 വർഷത്തിൽ കരാർ ഒപ്പുവെച്ചിട്ടില്ലാത്തതും വാടക ഈടാക്കിയിട്ടില്ലാത്തതുമാണ്. മേൽ കെട്ടിടമുറികളിലെ വ്യാപാരികൾക്ക് 2020-21 വർഷത്തിൽ വ്യാപാര ലൈസൻസ് അനുവദിച്ചിരുന്നില്ല. എന്നിരുന്നാലും ടി വാടകക്കാർ 2020-21 വർഷത്തിൽ അനധികൃതമായി കെട്ടിടം കൈവശം വെച്ചതായി രേഖകൾ പ്രകാരം കാണുന്നു.

(ഓഡിറ്റ് എൻക്വയറി നം. 6/13.12.2021)

കോവിഡ് ലോക്ക് ഡൗണിന് ശേഷം വാടക മുറികൾ ഒഴിയാൻ 05.05.2020 ന് നോട്ടീസ് നല്കിയതായും 26.05.20 ൽ വാടകക്കാർ ബഹു. ഹൈക്കോടതിയിൽ കേസ് നൽകിയതിനാൽ വാടകക്കാരെ ഒഴിപ്പിക്കാൻ സാധിച്ചില്ലായെന്നും ഓഡിറ്റ് എൻക്വയറിക്ക് മറുപടി നൽകി. കൂടാതെ തദ്ദേശസ്വയം ഭരണവകുപ്പിന് പരാതി നല്കിയതായും ടി കാര്യങ്ങളിൽ അന്തിമ തീരുമാനം ആകാത്തതിനാലാണ് വാടകയുടെ കാര്യത്തിൽ തുടർനടപടി സ്വീകരിക്കാതിരുന്നതെന്നും അറിയിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്ത് തീരുമാന പ്രകാരം കരാർ വെയ്ക്കാത്തതിനാലും കേസ് നിലനില്ക്കുന്നതിനാൽ വാടകക്കാർക്ക് അനുകൂലമായി വിധി വരാതിരിക്കാനുള്ള മുൻകരുതൽ നടപടിയായിട്ടാണ് വാടക ഈടാക്കാതിരുന്നതെന്നും മറുപടി നല്കിയിട്ടുണ്ട്. ടി വാടക്കാരുടെ നിലവിലുള്ള വാടകയുടെ 6 മാസത്തെ വാടക തുക ഡെപ്പോസിറ്റ് ആയി ഗ്രാമപഞ്ചായത്തിൽ ഉള്ളതായും ബാക്കി തുക ഈടാക്കാമെന്നും അറിയിച്ചിട്ടുണ്ട്.

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട്- ചട്ടം 236 (5) പ്രകാരം ലൈസൻസോ അനുവാദമോ കൂടാതെയോ, കിട്ടിയിട്ടുള്ള ലൈസൻസിലെയോ അനുവാദത്തിലെയോ വ്യവസ്ഥകൾക്ക് വിരുദ്ധമായോ ചെയ്തിട്ടുള്ള പക്ഷം സെക്രട്ടറിയ്ക്ക് നോട്ടീസ് മൂലം അപ്രകാരം ചെയ്യുന്ന ആളോട് വസ്തു മുഴുവനായോ ഭാഗികമായോ നീക്കം ചെയ്യാൻ ആവശ്യപ്പെടാവുന്നതും അപ്രകാരം പ്രവൃത്തി ചെയ്യുന്ന ആളിൽ നിന്ന് ആവർത്തന കുറ്റത്തിന് പഞ്ചായത്തിന് യുക്തമെന്ന് തോന്നുന്ന കടുത്ത പിഴ ശിക്ഷ നൽകുകയോ പ്രോസിക്യൂഷൻ നടപടികൾ സ്വീകരിക്കുകയോ ചെയ്യാവുന്നതാണ്. ഈ ഉപ വകുപ്പ് പ്രകാരം ലൈസൻസിനോ അനുവാദത്തിനോ വേണ്ടിയുള്ള ഫീസ് വസൂലാക്കുന്നത് കുറ്റ സ്ഥാപനം ചെയ്യപ്പെട്ട ആൾക്ക് ലൈസൻസോ അനുവാദമോ കിട്ടാൻ യാതൊരവകാശവും നൽകുന്നതല്ല.

മേൽ പ്രകാരം അനധികൃതമായി കെട്ടിടം കൈവശം വെച്ചതിനും ലൈസൻസ് കൂടാതെ പ്രവർത്തിച്ചതിനും, ഗ്രാമപഞ്ചായത്ത് തലത്തിൽ തീരുമാനമെടുത്ത് യുക്തമായ പിഴ (കൈവശം വച്ചിട്ടുള്ള കാലയളവിന്

ആനുപാതികമായി) ബന്ധപ്പെട്ട വ്യക്തികളിൽ നിന്നും ഈടാക്കി അറിയിക്കേണ്ടതാണ്. ഇപ്രകാരം ഫീസ് വസൂലാക്കുന്നത് കുറ്റ സ്ഥാപനം ചെയ്യപ്പെട്ട ആൾക്ക് ലൈസൻസോ അനുവാദമോ കിട്ടാൻ യാതൊരവകാശവും നൽകുന്നതല്ല.

11.03.2020 ലെ 11/1 തീരുമാനപ്രകാരം കരട് Bye Law അംഗീകരിച്ചിട്ടുണ്ട്. ആയതിന് സർക്കാർ അംഗീകാരം ലഭ്യമാക്കേണ്ടതും ടി സ്ഥലത്ത് പുതിയ ഷോപ്പിംഗ് കോംപ്ലക്സ് കെട്ടിടം പണി പൂർത്തീകരിക്കുന്ന മുറയ്ക്ക് കെട്ടിടങ്ങൾ വാടകയ്ക്ക് നല്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-50 മൂന്നുപീടിക ബീച്ച് റോഡിൽ ഉള്ള ഷോപ്പിംഗ് കോംപ്ലക്സ് കെട്ടിടത്തിലെ IV/207, IV/208 എന്നീ കെട്ടിടമുറികൾ അനധികൃതമായി പ്രവർത്തിച്ച

ഫയൽ നമ്പർ. A8-594/19

പെരിഞ്ഞനം ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിൽ മൂന്നുപീടിക ബീച്ച് റോഡിൽ ഉള്ള ഷോപ്പിംഗ് കോംപ്ലക്സ് കെട്ടിടത്തിലെ IV/207, IV/208 എന്നീ കെട്ടിടമുറികൾക്ക് 2020-21 വർഷത്തിൽ വാടക ഈടാക്കിയതായി രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. മേൽ നമ്പർ ഫയൽ പരിശോധിച്ചതിന്റെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

2019-20 വർഷത്തെ വ്യപാര ലൈസൻസ് രജിസ്റ്റർ പ്രകാരം ടി മുറികൾ വലിയകത്ത് സെയ്തുമുഹമ്മദ് എന്ന വ്യക്തിയ്ക്കാണ് (പഴയ കെട്ടിട നമ്പർ. III/41, 7422/- രൂപ വാടക, III/42, 5164/- രൂപ വാടക) ചെരുപ്പ്, ബാഗ് മുതലായ വ്യാപാരത്തിനാണ് വാടകയ്ക്ക് നൽകിയിട്ടുള്ളത്. ടിയാൻ 7/5/2020 ൽ മരണപ്പെട്ടിട്ടുള്ളതാണ്. 7/7/20 ലെ 5(1) നമ്പർ. തീരുമാനപ്രകാരം ടിയാന്റെ അനന്തരവകാശിയായ മകൻ അസീസ് സമർപ്പിച്ച അപേക്ഷ പരിശോധിച്ചെന്നും ടി കെട്ടിടം മേൽ വാടകയ്ക്ക് നൽകിയതായും ടിയാന്റെ അനന്തരവകാശികളാരും തന്നെ കെട്ടിടത്തിൽ കച്ചവടം നടത്തുന്നില്ല എന്നു ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ കോവിഡ് 19 പശ്ചാത്തലത്തിൽ ക്വട്ടേഷൻ ചെയ്ത് നൽകുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തി തീരുമാനിച്ചിട്ടുണ്ട്. ആയതിൻ പ്രകാരം കൂടുതൽ ക്വട്ടേഷൻ ലഭിച്ചവ അംഗീകരിച്ചിട്ടുണ്ട് (തീരുമാനം നമ്പർ. 2(1)/17.07.2020).

| കെട്ടിട നമ്പർ | ക്വട്ടേഷൻ ചെയ്ത വ്യക്തി | വാടക നിരക്ക് |
|---|---|---|
| 4/207 | സജ്മൽ പള്ളിപ്പാടത്ത് | 18500/- |
| 4/208 | താജുദ്ദീൻ ആനക്കോട്ട് | 20760/- |

ടിയാളുകളുമായി കരാർ ഒപ്പുവെയ്ക്കുകയും ചെയ്തിട്ടുണ്ട്. 27.08.2020 ലെ 16/(1) തീരുമാനപ്രകാരം മേൽ വാടകയ്ക്ക് കൊടുത്തിട്ടുള്ള മുറികളിൽ ചെരുപ്പുകട, ചവിട്ടികട എന്നിവ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നതായും അവകാശികൾക്ക് മുറി അനുവദിക്കേണ്ടതില്ലെന്നും മുറികൾ ഒഴിഞ്ഞ് നാളിതുവരെയുള്ള വാടക ടിയാനിൽ നിന്നും ഈടാക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്.

(ഓഡിറ്റ് എൻക്വയറി നം. 6/13.12.2021)

ടിയാൻ ഹൈക്കോടതിയെ സമീപിക്കുകയും 24.07.2020 ൽ പഞ്ചായത്തിനെതിരെ WPC-5891/21 പ്രകാരം കേസ് ഫയൽ ചെയ്തതായും ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി നൽകി. കെട്ടിടമുറി ഒഴിയാൻ 12.10.2020 ന് അസീസിന് നോട്ടീസ് നല്കിയതായും കെട്ടിടമുറി അനുവദിക്കുന്നത് സംബന്ധിച്ച് കേസ് നിലനില്ക്കുന്നതിനാൽ വാടക ഈടാക്കുന്നത് അസീസിന് അനുകൂലമാകും എന്ന നിഗമനത്തിൽ ടിയാനിൽ നിന്നും ഇതുവരെ വാടക ഈടാക്കിയിട്ടില്ല എന്നും മറുപടിയിൽ അറിയിച്ചിട്ടുണ്ട്. ശ്രീ. അസീസ് 02.03.21 ൽ ഫയൽ ചെയ്ത WPC-5891/21 റിട്ട് പെറ്റീഷനിൽ 05.03.21 ലെ വിധിന്യായത്തിൽ സ്റ്റാറ്റസ് നിലനിർത്താൻ കോടതി വിധിയുള്ളതായും അറിയിച്ചിട്ടുണ്ട്.

പ്രാദേശിക പരിശോധന നടത്തിയതിൽ നിലവിൽ 4/206, 4/207 കെട്ടിടമുറികളിൽ അഷ്റഫ് വടാടത്ത് എന്ന വ്യക്തി വാക്കർ ഷൂലാന്റ് എന്ന സ്ഥാപനം നടത്തുന്നതായും 4/208 കെട്ടിടമുറിയിൽ മുഹമ്മദാലി എന്ന വ്യക്തി ചവിട്ടികട നടത്തുന്നതായും ബോധ്യപ്പെട്ടു. ലൈസൻസ് രജിസ്റ്റർ പ്രകാരം 4/207,4/208 കെട്ടിടമുറികൾക്ക് ലൈസൻസ് നൽകിയിട്ടില്ല.

മേൽ പ്രകാരം അനധികൃതമായി കെട്ടിടം (IV/207, IV/208 എന്നീ കെട്ടിടമുറികൾ) കൈവശം വെച്ചതിനും ഉപയോഗിച്ചതിനും ഗ്രാമപഞ്ചായത്ത് തലത്തിൽ തീരുമാനമെടുത്ത് യുക്തമായ പിഴ ബന്ധപ്പെട്ട വ്യക്തികളിൽ നിന്നും ഈടാക്കി അറിയിക്കേണ്ടതാണ്. ഇപ്രകാരം ഫീസ് വസൂലാക്കുന്നത് കുറ്റ സ്ഥാപനം ചെയ്യപ്പെട്ട ആൾക്ക് ലൈസൻസോ അനുവാദമോ കിട്ടാൻ യാതൊരവകാശവും നൽകുന്നതല്ല.

## 1-51 ഹോമിയോ മരുന്ന് വാങ്ങൽ - മരുന്ന് മുഴവൻ ലഭ്യമായിട്ടില്ല

നിർവ്വഹണോദ്യോഗസ്ഥൻ –മെഡിക്കൽ ഓഫീസർ, സി.എച്ച്.സി. പെരിഞ്ഞനം.

വൗച്ചർ നം. തീ. 22000457/03.07.20 - 150000/-

പ്രോജക്റ്റ് നം -20/21

ഹോമിയോ ആശുപത്രിയിലേക്ക് മരുന്ന് വാങ്ങുന്നതിന് ഹോംകൊ, ആലപ്പുഴക്ക് പ്രൊഫോർമ ഇൻവോയ്സ് നം. 70/05.06.20 പ്രകാരം 150000/- രൂപ നൽകിയിട്ടുണ്ട്. എന്നാൽ 73343/- രൂപയുടെ മരുന്ന് മാത്രമാണ് ലഭ്യമായിട്ടുള്ളത്. ബാക്കി മരുന്ന് ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-52 ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ് - സബ്സിഡി മാർഗ്ഗരേഖയിലെ നിരക്കിനേക്കാൾ അധിക തുക നൽകി

പ്രോജക്റ്റ് നം -160/21

നിർവ്വഹണോദ്യോഗസ്ഥ - ഐ.സി.ഡി.എസ്. സൂപ്പർവൈസർ.

ബിൽ നം. തീ. 22/07.05.20- 350000/- (വൗച്ചർ നം. തീ. 22000131/06.05.20)

ബിൽ നം. തീ. 23/07.05.20 –275000/- (വൗച്ചർ നം. തീ. 22001497/18.01.21)

എ) താഴെ പറയുന്ന മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് സബ്സിഡി മാർഗ്ഗരേഖയിൽ അധികരിച്ച തുക നൽകിയിട്ടുണ്ട്. വിശദവിവരം താഴെ കൊടുക്കുന്നു.

| ക്രമ നം. | വിദ്യാർത്ഥിയുടെ പേര് | നൽകിയ തുക | നൽകേണ്ട തുക | അധികം |
|---|---|---|---|---|
| 1 | ഗൗതംകൃഷ്ണ | 33529 | 28500 | 5025 |
| 2 | ജിജീഷ്. വി.എസ്. | 37543 | 28500 | 9043 |
| 3 | മുഹമ്മദ് സാലിക് | 37529 | 28500 | 9029 |
| 4 | മുഹമ്മദ് സാൻഫർ | 37529 | 28500 | 9029 |
| 5 | ശ്രീനന്ദന. പി.എച്ച്. | 37529 | 28500 | 9029 |
| | ആകെ | | | 41155 |

ബി) താഴെ പറയുന്ന ശാരീരിക വൈകല്യങ്ങൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് സബ്സിഡി മാർഗ്ഗരേഖയിൽ അധികരിച്ച തുക നൽകിയിട്ടുണ്ട്. വിശദവിവരം താഴെ കൊടുക്കുന്നു.

| ക്രമ നം. | വിദ്യാർത്ഥിയുടെ പേര് | നൽകിയ തുക | നൽകേണ്ട തുക | അധികം | റിമാർക്സ് |
|---|---|---|---|---|---|
| 1. | ശിവകാമി | 13000 | 8000 | 5000 | കേൾവി കുറവ്, (9-ാം ക്ലാസ്സ് വിദ്യാർത്ഥി) |
| 2. | അനിഷ. എസ്.പി. | 25000 | 17800 | 7200 | ലോക്കോമോട്ടോർ ഡിസബിലിറ്റി, (ബിരുദ വിദ്യാർത്ഥി) |
| 3. | നന്ദന. എം.എസ് | 12600 | 10100 | 2500 | ലോക്കോമോട്ടോർ ഡിസബിലിറ്റി, (1-ാം ക്ലാസ്സ് വിദ്യാർത്ഥി) |
| | അധികം | | | 14700 | |

മേൽ പ്രകാരം അധികം നൽകിയ തുക ഈടാക്കി അടവാക്കേണ്ടതാണ്. മേൽ അപാകതകൾക്ക് 25/17.12.21 പ്രകാരം എൻക്വയറി നൽകിയതിന് തുക തിരിച്ച് പിടിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്നറിയിച്ചിട്ടുണ്ട്.

## 1-53 ഹരിത കർമ്മസേനയ്ക്ക് വയബിലിറ്റി ഗ്യാപ് ഫണ്ട് - ഹരിത കർമ്മസേനയുടെ പ്രവർത്തനം സ്വയംപര്യാപ്തമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണം

ഹരിത കർമ്മസേനയുടെ പ്രവർത്തനങ്ങൾക്ക് വയബിലിറ്റി ഗ്യാപ് ഫണ്ടിനത്തിൽ 2020-21 വർഷത്തിൽ ആകെ 74000/- രൂപ ചെലവഴിച്ചിട്ടുണ്ട്. ഹരിത കർമ്മസേനയ്ക്ക് വയബിലിറ്റി ഗ്യാപ് ഫണ്ട് ഇനത്തിൽ 2018-19 മുതൽ 2021 മാർച്ച് വരെ 235371/- രൂപ ഗ്യാപ് ഫണ്ട് ഇനത്തിൽ അനുവദിച്ചിട്ടുണ്ട്. മാലിന്യത്തെ വരുമാനമാക്കി മാറ്റുക എന്ന ലക്ഷ്യത്തോടെയാണ് ഹരിത കർമ്മസേന രൂപീകരിച്ചിട്ടുള്ളത്. ഗ്രാമപഞ്ചായത്തിൽ സഞ്ചയറിപ്പോർട്ട് പ്രകാരം ആകെ 7157 വാസഗൃഹങ്ങളും 1864 വ്യാപാര/വ്യവസായ സ്ഥാപനങ്ങളും നിലവിലുണ്ട്. വാസഗൃഹങ്ങൾക്ക് 50/- രൂപ വീതവും വ്യാപാരങ്ങൾക്ക് 100/- രൂപ വീതവും ഗ്രാമപഞ്ചായത്ത് നിശ്ചയിച്ച യൂസർഫീസ് കൃത്യമായി പിരിച്ചാൽ തന്നെ ഹരിത കർമ്മസേനയ്ക്ക് പ്രവർത്തിക്കാനാവശ്യമായ ഫണ്ട് ലഭ്യമാകുന്നതാണ്. ഇക്കാര്യം ചൂണ്ടിക്കാട്ടി നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം. 15/15.12.2021) ലഭ്യമാക്കിയ മറുപടിയിൽ 2020-21 ൽ കോവിഡ്- 19 ലോക്ക്ഡൗൺ മൂലം പ്രതീക്ഷിച്ച രീതിയിലുള്ള കളക്ഷൻ ലഭ്യമായില്ല എന്നും ആയതിനാലാണ് സാലറി ഇനത്തിൽ VGF തുക നൽകേണ്ടി വന്നത് എന്നും വ്യക്തമാക്കിയിട്ടുണ്ട്. ഈ മറുപടി അംഗീകരിക്കുന്നു. കൂടാതെ വസ്തുനികുതി പിരിക്കുന്നതിന്റെ കൂടെ ശുചിത്വപരിപാലനത്തിന് വസ്തുനികുതിയുടെ 4% സേവന ഉപനികുതി ചുമത്തുന്നതിനുള്ള സാധ്യതയും (കേരള പഞ്ചായത്ത് രാജ് വസ്തു നികുതിയും സർ ചാർജ്ജും ചട്ടങ്ങൾ-2011 ചട്ടം 26) പരിശോധിക്കാവുന്നതാണ്. ഹരിതകർമ്മസേനയുടെ സംഘടനാ സംവിധാനം കാര്യക്ഷമമാക്കുക വഴി മാലിന്യമുക്ത കേരളം എന്ന ലക്ഷ്യം സാക്ഷാത്കരിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-54 എസ്.എസ്.എ. ജനറൽ - വിനിയോഗവിവരം ലഭ്യമല്ല

നിർവ്വഹണോദ്യോഗസ്ഥൻ - ഹെഡ്മിസ്ട്രസ്സ്, ജി.യു.പി.എസ്. പെരിഞ്ഞനം

പ്രോജക്റ്റ് നം – 111/21 –ജനറൽ
പ്രോജക്റ്റ് നം – 114/21 –എസ്. സി.

ബിൽ നം. തി. 01/09.07.20 - 750000/-

ബിൽ നം. തി. 02/09.07.20 - 200000/-

എസ്.എസ്.എ. ജനറൽ (പ്രോജക്റ്റ് നം. 111/21) വിഹിതമിനത്തിൽ മേൽ പ്രകാരം 750000/- രൂപയും, എസ്.എസ്.എ. എസ്.സി (പ്രോജക്റ്റ് നം. 114/21) വിഹിതമിനത്തിൽ 200000/- രൂപയും ഡിസ്ട്രിക്റ്റ് പ്രോജക്റ്റ് ഓഫീസ്, കോർഡിനേറ്റർ, എസ്.എസ്.എ., തൃശ്ശൂരിന് നൽകിയിട്ടുണ്ട്. ആയതിന്റെ വിനിയോഗവിവരം ലഭ്യമാക്കിയിട്ടില്ല. വിനിയോഗവിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.
(ഓഡിറ്റ് എൻക്വയറി –21/16.12.21)

## 1-55 എസ്.സി. വിദ്യാർത്ഥികൾക്ക് ഫർണീച്ചർ - പഠിക്കുന്ന രേഖകൾ ഹാജരാക്കിയിട്ടില്ല

നിർവ്വഹണോദ്യോഗസ്ഥ –ഹെഡ്മിസ്ട്രസ്, ജി.യു.പി.എസ്. പെരിഞ്ഞനം
പ്രോജക്റ്റ് നം – 85/21
വൗച്ചർ നം – 22001874/26.03.21
എസ്.സി. വിദ്യാർത്ഥികൾക്ക് ഫർണീച്ചർ എന്ന പദ്ധതിയിൽ ഇൻവോയ്സ് നം. OLR/20-21/279/16.03.21 പ്രകാരം സിഡ്കോയിൽ നിന്നും 50 സ്റ്റീൽ ടേബിൾ, കസേര എന്നിവ 249977 രൂപയ്ക്ക് വാങ്ങി വിദ്യാർത്ഥികൾക്ക് വിതരണം ചെയ്തിട്ടുണ്ട്. എന്നാൽ താഴെ പറയുന്ന വിദ്യാർത്ഥികൾക്ക് ഫർണീച്ചർ വിതരണം നടത്തിയിട്ടുണ്ടെങ്കിലും സ്കൂളിൽ പഠിക്കുന്ന വിവരങ്ങൾ ഹാജരാക്കിയിട്ടില്ല. ആയത് ഹാജരാക്കേണ്ടതാണ്. വിശദവിവരം താഴെ കൊടുക്കുന്നു.

1. അഭിനവ. പി. (ഒരു രേഖയും ഹാജരാക്കിയിട്ടില്ല.)

2. നിഖില. പി.യു. D/Oഉദയകുമാർ, പുതുവീട്ടിൽ, പെരിഞ്ഞനം

3. ശ്രീനന്ദ. കെ.എസ്., കരിക്കപ്പുര, D/O ശിവാനന്ദൻ

4. ആദിത്യൻ. വി.കെ., S/O രശ്മി വാക്കാട്ട്, പാപ്പിനിവട്ടം

5. അനശ്വരപ്രിയ, D/O ഷാജി. M.S., മണപ്പാട്ട്, പെരിഞ്ഞനം

6. അഞ്ജിമ. വി.എം., വാക്കാട്ട്, മണികണ്ഠൻ

7. മിലാൻ കൃഷ്ണ. പി.എം., S/O മണികണ്ഠൻ, പെരിങ്ങാട്ട്, പെരിഞ്ഞനം

മേൽ പ്രകാരമുള്ള വിദ്യാർത്ഥികൾ സ്കൂളിൽ പഠിക്കുന്നത് സംബന്ധിച്ച സ്കൂൾ അധികാരികളുടെ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്. ആയത് ഹാജരാക്കുന്നത് വരെ വിദ്യാർത്ഥികൾക്ക് വേണ്ടി ചെലവഴിച്ച 35000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.
(ഓഡിറ്റ് എൻക്വയറി –21/16.12.21)

## 1-56 പ്രീ മൺസൂൺ ചെലവ് മുഴുവൻ രേഖകളും ലഭ്യമായിട്ടില്ല

പ്രീ മൺസൂൺ ചെലവുകൾക്കായി തൻവർഷം 15 വാർഡുകൾക്ക് 5000/- രൂപ വീതം 75000/- രൂപ കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ മെഡിക്കൽ ഓഫീസർക്ക് വൗച്ചർ നം. 22000210 Dt. 16.05.20 പ്രകാരം കൈമാറിയിട്ടുണ്ട്. എന്നാൽ 6, 9, 11, 12, 13, 14 എന്നീ വാർഡുകളിലെ വൗച്ചറുകൾ മാത്രമാണ് ഓഡിറ്റിന് ഹാജരാക്കിയിട്ടുള്ളത്. 45000/- രൂപയുടെ വൗച്ചറുകൾ ഹാജരാക്കിയിട്ടില്ല. ആയത് ലഭ്യമാക്കുന്നതു വരെ ചെലവഴിച്ച തുക ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-57 ജി.എസ്.ടി കുറവ് ചെയ്തിട്ടില്ല

കേന്ദ്ര വിജ്ഞാപനം 12/17 (Central Tax) Rate തീയതി 27/6/17 പ്രകാരവും സംസ്ഥാന സർക്കാർ വിജ്ഞാപനം SRO 371/17 (സർക്കാർ ഉത്തരവ് (പി)73/17 Taxes തീയതി 30/6/17) പ്രകാരവും, ഭരണഘടന വകുപ്പ് 243G പ്രകാരമുള്ള പട്ടികയിൽ പഞ്ചായത്തുകളുടെ ചുമതലകളായി ചേർത്തിട്ടുള്ള വിഷയങ്ങളുമായി ബന്ധപ്പെട്ട് പഞ്ചായത്തുകൾക്ക് ലഭിക്കുന്ന സേവനങ്ങൾക്ക് യഥാക്രമം കേന്ദ്ര ജി.എസ്.ടി, സംസ്ഥാന ജി.എസ്.ടി എന്നിവ നല്കേണ്ടതില്ല. (“*(Pure Services (Excluding Works Contract Service Or AA Other Composite Supplies Involving Supply Of Any Goods) Provided To The Central Government, State Government Or Union Territory Or Local Authority Or A Government Authority By Way Of Any Activity In Relation To Any Function Entrusted To A Panchayat Under Article 243G Of The Constitution Or In Relation To Any Function Entrusted To A Municipality Under Article 243W Of The Constitution”).* ഭരണഘടന വകുപ്പ് 243G പ്രകാരമുള്ള പട്ടികയിലെ ക്രമനമ്പർ (III) പ്രകാരം Minor Irrigation, Water Management And Watershed Development എന്നിവ പഞ്ചായത്തുകളുടെ ചുമതലയിൽപ്പെടുന്നു. അസിസ്റ്റന്റ് എൻജിനീയർ നിർവഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ താഴെ ചേർത്തിരിക്കുന്ന പ്രോജക്റ്റിൽ പഞ്ചായത്ത് ജി.എസ്.ടി നല്കുന്നു. ഫയൽ, എം ബുക്ക് എന്നിവ പരിശോധിച്ചതിൽ അറപ്പത്തോടുകളിൽ നിന്നും മണ്ണ് നീക്കം ചെയ്ത് ദൂരെ നിക്ഷേപിച്ച് തോട്ടിലെ നീരൊഴുക്ക് സുഗമമാക്കുന്ന പ്രവർത്തിയ്ക്ക് ജി.എസ്.ടി നൽകിക്കാണുന്നു. മുകളിൽ സൂചിപ്പിച്ച ഉത്തരവുകൾ പ്രകാരം പഞ്ചായത്തിന്റെ ചുമതലയിൽപ്പെട്ട സേവന ലഭ്യതക്കാണ് കരാറുകാരന് കേന്ദ്ര ജി.എസ്.ടി, സംസ്ഥാന ജി.എസ്.ടി തുക ചേർത്ത് ബില്ല് നല്കിയിരിക്കുന്നത്. വിശദ വിവരങ്ങൾ താഴെ ചേർത്തിരിക്കുന്നു.

| ക്രമ.നം. | പ.നം/ പേര്/ കരാറുകാരൻ | എം.ബി നം. | ആകെ പ്രവൃത്തി മൂല്യം | GST 5% | GST ഉൾപ്പെടെ ആകെ തുക | ബിൽ നം. | തുക |
|---|---|---|---|---|---|---|---|
| 1. | 198/21 | 98/18-19 | 95153 | 4758 | 99911 | 4/3.6.20 | 99911 |
| 2. | 196/21 | 92/18-19 | 95053 | 4753 | 99848 | 5/3.6.20 | 99848 |
| 3. | 197/21 | 90/18-19 | 95076 | 4754 | 99830 | 6/3.6.20 | 99830 |
| 4. | 199/21 | 89/18-19 | 28474 | 1424 | 29898 | 7/3.6.20 | 29898 |
| 5. | 205/21 | 103/19-20 | 171421 | 8571 | 1799928 | 28/22.9.20<br>29/22.9.21 | 150000<br>29992 |
| | | | | 24260 | | | |

മേൽ പ്രകാരം 24260 രൂപ ജി എസ് ടി ഇനത്തിൽ കൂടുതലായി കരാറുകാരനായ പി. എ. സജീവന് നല്കിയതായി

കാണുന്നു. ഗ്രാമപഞ്ചായത്തിലെ വിവിധ പദ്ധതിപ്രവർത്തനങ്ങൾക്ക് ഉപയോഗിക്കാമായിരുന്ന തുക ഇപ്രകാരം തെറ്റായ രീതിയിൽ കരാറുകാരന്റെ കൈവശവും തുടർന്ന് സർക്കാരിന്റെ കൈവശവും വന്നുചേരുന്നു.

ഈ അപാകത സംഭവിക്കാനുണ്ടായതിന്റെ കാരണം വിശദമാക്കുന്നതിനായി നൽകിയ 19/15.12.21 നമ്പർ ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ കോവിഡ് സാഹചര്യങ്ങൾ നിലനിന്നിരുന്നതിനാൽ അടിയന്തിരമായി പ്രവൃത്തികൾ പൂർത്തീകരിക്കേണ്ടി വന്നതുകൊണ്ടാണ് പിഴവ് വന്നതെന്നും ഭാവിയിൽ ഇത് ആവർത്തിക്കില്ലെന്നും നിർവഹണാധികാരിയായ അസി. എൻജിനീയർ അറിയിച്ചിട്ടുണ്ട്.

## 1-58 ചമച്ചിട്ടുള്ള കരാറുകൾ കാലികമല്ല

2012 ലെ കേരള പൊതുമരാമത്ത് മാന്വലിൽ അനുശാസിക്കുന്ന മാർഗനിർദേശങ്ങൾ പ്രകാരമല്ല ഗ്രാമപഞ്ചായത്തിൽ നിർവഹണോദ്യോഗസ്ഥൻ ആയ അസി. എൻജിനീയർ കരാറുകാരുമായി ഉടമ്പടിയിൽ ഏർപ്പെട്ടിരിക്കുന്നത്. ഈ മാന്വലിലെ യാതൊരു മാനദണ്ഡവും കരാറിൽ ഉൾപ്പെടുത്തിയിട്ടില്ല. കരാറിലെ നാലാം നിബന്ധന പ്രകാരം കേരള ഡീറ്റയിൽഡ് സ്റ്റാന്റേഡ് സ്പെസിഫിക്കേഷൻ പ്രകാരമാണ് പ്രവൃത്തി നിർവഹിക്കേണ്ടത്. കാലഹരണപ്പെട്ട കരാർ മാതൃകയാണിത്.

2012 ലെ കേരള പൊതുമരാമത്ത് വകുപ്പ് മാന്വൽ ത.സ്വ.ഭ.വ. സ്ഥാപനങ്ങൾക്കു കൂടി ബാധകമാക്കിയതിനാൽ ആയതിനനുസൃതമായിട്ടുള്ള കരാർ നടപടികളിൽ നിർബന്ധമായും ഏർപ്പെടേണ്ടതാണ്.

## 1-59 പെയിൻ & പാലിയേറ്റീവ് കെയർ പദ്ധതി - മരുന്ന് ലഭിച്ചതിന്റെ വിവരം ലഭ്യമല്ല

നിർവ്വഹണോദ്യോഗസ്ഥൻ –മെഡിക്കൽ ഓഫീസർ, സി.എച്ച്.സി., പെരിഞ്ഞനം

പെയിൻ & പാലിയേറ്റീവ് കെയർ പദ്ധതി പ്രകാരം മരുന്ന് വാങ്ങുന്നതിന് പ്രൊഫോർമ ഇൻവോയ്സ് പ്രകാരം കേരള സ്റ്റേറ്റ് മെഡിക്കൽ സർവ്വീസ് കോർപ്പറേഷന് താഴെ പറയും പ്രകാരം തുക നൽകിയിട്ടുണ്ട്. എന്നാൽ മരുന്ന് ലഭ്യമായതിന്റെ ഇൻവോയ്സ് ഹാജരാക്കിയിട്ടില്ല. വിശദവിവരം താഴെ കൊടുക്കുന്നു.

| ക്രമ നം | പ്രോജക്ട് നം. | പ്രൊഫോർമ ഇൻവോയ്സ് നം. തിയ്യതി | തുക | റിമാർക്സ് |
|---|---|---|---|---|
| 1 | 19/20 | PRF 2844/30.11.19 | 186438/- വൗ. നം. 2190398/23.02.20 | ബ്ലോക്ക് വിഹിതം |
| 2 | 233/21 | PRF.2705/06.10.20 | 74783/- | |
| 3 | 101/21 | PRF.2711/06.10.20 | 180100/- വൗ. നം. 22001022/ 16.10.20 | 119922/- രൂപയുടെ മരുന്നുകൾ ലഭിച്ചിട്ടുണ്ട്. |
| 4 | | PRF.1217/24.06.20 | 219511/- | 133203/- രൂപയുടെ മരുന്ന് മാത്രമാണ് ലഭിച്ചിട്ടുള്ളത്. |
| 5 | | PRF.2697/06.10.20 | 62000/- | 55563/- രൂപയുടെ മരുന്ന് മാത്രമാണ് ലഭിച്ചിട്ടുള്ളത്. |

മരുന്ന് ലഭ്യമാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-60 ധനവിനിയോഗസാക്ഷ്യപത്രം, കരാർ, പൂർത്തീകരണ റിപ്പോർട്ട് എന്നിവ ലഭ്യമായിട്ടില്ല.- 24,300/- രൂപ തടസ്സപ്പെടുത്തുന്നു

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

| പദ്ധതിയുടെ പേര് | അടങ്കൽ തുക | ചെലവ് തുക | ബിൽ നമ്പർ | റിമാർക്സ് | പരാമർശം |
|---|---|---|---|---|---|
| 2 / 21 ഐ.കെ.എം വിഹിതം നല്കൽ | 59185/- | 59185/- | 4/01.06.2020 | ഐ.കെ.എം ന് തുക കൈമാറി | ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല. |
| 90/ 21 കാൻ തൃശ്ശൂർ വിഹിതം നല്കൽ | 2,00,000/ | 2,00,000/ | 22001431/ 29.01.2021 | ക്യാൻസർ രോഗനിർണ്ണയവും തുടർ ചികിത്സാസംവിധാനങ്ങളും സമഗ്രമായി ലഭ്യമാക്കുന്നതിനുള്ള പ്രോജക്ട്. തുക ജില്ലാ പഞ്ചായത്തിന് കൈമാറി | തുക എപ്രകാരം വിനിയോഗിച്ചു എന്നത് സംബന്ധിച്ച ധനവിനിയോഗ സാക്ഷ്യപത്രം എന്നിവ ലഭ്യമായിട്ടില്ല. സംയുക്ത കരാറിലേർപ്പെട്ടിട്ടില്ല |
| 181/21 | 24,300/- | 24,300/- | 22000236/ 12.05.2020 | കുടിവെള്ള പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ- PH ഇരിങ്ങാലക്കുട ഡിവിഷന് തുക കൈമാറി | കരാർ KWA ഒപ്പുവെച്ചിട്ടില്ല. ധനവിനിയോഗ സാക്ഷ്യപത്രം, ഫൈനൽ ബിൽ, പണി പൂർത്തീകരിച്ചതിന്റെ KWA റിപ്പോർട്ട് എന്നിവ ഇല്ല. ടി തുക ജലജീവൻ മിഷന് വക കൊള്ളിക്കുന്നതിനായി 25.06.21 ലെ 1/4 തീരുമാനം എടുത്തിട്ടുണ്ട്. ആയതിലേയ്ക്ക് വക മാറ്റുന്നതായി KWA അറിയിപ്പ് നൽകിയിട്ടുണ്ടോ എന്ന വിവരം അറിയിക്കേണ്ടതാണ് |

മേൽ അപാകതകൾക്ക് മറുപടി നൽകേണ്ടതാണ്. കരാറിന്റെ അഭാവത്തിൽ 24,300/- രൂപ തടസ്സപ്പെടുത്തുന്നു.

ഓഡിറ്റ് എൻക്വയറി നമ്പർ - 31 /17.12.2021

## <u>1-61 രേഖകൾ ഹാജരാക്കിയില്ല – തുക തടസ്സപ്പെടുത്തുന്നു</u>

നിർവ്വഹണ ഉദ്യോഗസ്ഥൻ - ഫിഷറീസ് ഇൻസ്പെക്ടർ

2020-21 വർഷത്തിൽ ഫിഷറീസ് ഇൻസ്പെക്ടർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ താഴെപ്പറയുന്ന പദ്ധതികൾ സംബന്ധിച്ച് ഫയലുകളോ അനുബന്ധരേഖകളോ ഹാജരാക്കിയിട്ടില്ല.

A)

| | |
|---|---|
| പദ്ധതി നമ്പർ | 133/21 |
| പദ്ധതിയുടെ പേര് | മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് ഫർണ്ണീച്ചർ |

| | |
|---|---|
| അടങ്കൽ | 80000/-<br>(വികസനഫണ്ട് -പൊതുവിഭാഗം) |
| ചെലവ് | 79995/-<br>(വികസനഫണ്ട് -പൊതുവിഭാഗം) |
| വൗച്ചർ നമ്പർ | 22001842/20.03.21<br>തുക – 79995/- രൂപ |

B)

| | |
|---|---|
| പദ്ധതി നമ്പർ | 201/21 |
| പദ്ധതിയുടെ പേര് | ബയോഫ്ലോക്ക് മത്സ്യകൃഷി യൂണിറ്റ് |
| അടങ്കൽ | 1380000/- |
| ചെലവ് | 255036/-<br>(വികസനഫണ്ട് -പൊതുവിഭാഗം) |
| വൗച്ചർ നമ്പർ | 22001876/04.03.21<br>തുക –255036/- രൂപ |

ഫയലുകളും അനുബന്ധരേഖകളും ഹാജരാക്കുന്നതു വരെ ചെലവു തുകയായ 335031/- (79995 + 255036) രൂപ തടസ്സപ്പെടുത്തുന്നു.

ഓഡിറ്റ് എൻക്വയറി (13 /14.12.2021)

## 1-62 വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല

2020-21 വർഷം വെറ്ററിനറി സർജൻ നടപ്പിലാക്കിയ പ്രത്യേക കന്നുകുട്ടി പരിപാലനം (S0158/21) എന്ന പദ്ധതിയുടെ ഭാഗമായി ചെക്ക് നം. 22000245/15.05.2020 പ്രകാരം 200000/- രൂപ ഡെപ്യൂട്ടി ഡയറക്ടർ, എസ്.എൽ.ബി.പി.യ്ക്ക് നൽകിയിട്ടുണ്ട്. എന്നാൽ വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല. വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നം. 16/15.12.2021)

## 1-63 പകൽവീട് നിർമാണം - അധികമായി പിൻവലിച്ച തുക ഓഡിറ്റ് എൻക്വയറിയെ തുടർന്ന് അടവാക്കി

മേൽപറഞ്ഞ നിർമാണപ്രവൃത്തിയുമായി ബന്ധപ്പെട്ട് അധികമായി പിൻവലിച്ച 8562 രൂപ 20/15.12.21 നമ്പർ ഓഡിറ്റ് എൻക്വയറിയെ തുടർന്ന് പിറ്റേ ദിവസം തന്നെ നിർവഹണോദ്യോഗസ്ഥയായ അസി. എൻജിനീയർ 1210200051/16.12.21 നമ്പർ രശീത് പ്രകാരം തനത്ഫണ്ടിൽ അടവാക്കിയത് ഓഡിറ്റ് ഇംപാക്ട് ആയി ചേർക്കുന്നു. ഓഡിറ്റിനോടുള്ള ക്രിയാത്മകമായ ഈ സമീപനം പ്രത്യേകം പരാമർശമർഹിക്കുന്നതാണ്. പ്രവൃത്തി സംബന്ധിച്ച മറ്റ് വിവരങ്ങൾ താഴെ കൊടുക്കുന്നു.

| പ്രൊജക്റ്റ് നമ്പർ, അടങ്കൽ | കരാറുകാരൻ | അളവുപുസ്തകം | പ്രവൃത്തി മൂല്യം | നൽകിയ തുക | ബിൽനമ്പർ, തുക | അധികം നൽകിയത് |
|---|---|---|---|---|---|---|
| 194/20 (152/21),<br>മൊത്തം അടങ്കൽ 715000 രൂപ (വികസനഫണ്ട് ജനറൽ 109000 രൂപ സി.എഫ്.സി. 609000 രൂപ) | കെ.ബി. സത്യൻ | 135/18-19 | 693419 | 701981 | 19/10/87/19, 333916 രൂപ<br>26/29/2/20, 272084 രൂപ<br>2/3/6/20, 95981 രൂപ | 8562 |

പഞ്ചായത്ത് ഫണ്ടിലടച്ച മേൽപറഞ്ഞ തുക സഞ്ചിതനിധിയിലടവാക്കി വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-64 ഭിന്നശേഷിക്കാർക്ക് ഉപകരണങ്ങൾ -വീൽ ചെയർ നാളിതു വരെ വിതരണം നടത്തിയിട്ടില്ല

പ്രോജക്ക്റ്റ് നം. 162/21

ബിൽ നം. തീ. 24/20.04.20 തുക - 84712/-

നിർവ്വഹണോദ്യോഗസ്ഥൻ - ഐ.സി.ഡി.എസ്. സൂപ്പർവൈസർ

മേൽ പദ്ധതി പ്രകാരം കേരള സംസ്ഥാന വികലാംഗ കോർപ്പറേഷനിൽ നിന്നും ഇൻവോയ്സ് നം. 391/07.01.20 പ്രകാരം വികലാംഗർക്ക് ഉപകരണങ്ങൾ വാങ്ങി നൽകിയിട്ടുണ്ട്. എന്നാൽ കരിം, ഓത്തുള്ളിപറമ്പിൽ, പെരിഞ്ഞനം എന്ന ഗുണഭോക്താവ് മരണപ്പെട്ടതിനാൽ ടിയാന് വേണ്ടി വാങ്ങിയ വീൽചെയർ (ഇനം. 10, @7456) നാളിതു വരെ വിതരണം ചെയ്തിട്ടില്ല. ആയത് ഉപയോഗപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നം. 25/17.12.21)

## 1-65 ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ് - സബ്സിഡി മാർഗ്ഗരേഖയിലെ നിരക്കിനേക്കാൾ അധിക തുക നൽകി

നിർവ്വഹണോദ്യോഗസ്ഥൻ – ഐ.സി.ഡി.എസ്. സൂപ്പർവൈസർ

പ്രോജക്ക്റ്റ് നം. 35/21

ബിൽ നം. തീ. – 22/07.05.20 – 350000

ബിൽ നം. തീ. – 23/07.05.20 – 275000

ചെലവ് – 1000900/-,

ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് പദ്ധതി പ്രകാരം ഗുണഭോക്താക്കൾക്ക് സബ്സിഡി മാർഗ്ഗരേഖയിൽ അധികരിച്ച തുക നൽകിയിട്ടുണ്ട്. വിശദവിവരം താഴെകൊടുക്കുന്നു.

| ക്രമ നം. | വിദ്യാർത്ഥിയുടെ പേര് | നൽകിയ തുക | നൽകേണ്ട തുക | അധികം |
|---|---|---|---|---|
| | അമൽ ദീപ് | 48000 | 28500 | 19500 |

അധികം നൽകിയ തുക തിരികെ ഈടാക്കി വിവരം അറിയിക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് 27/17.12.21 പ്രകാരം എൻക്വയറി നൽകിയതിന് മറുപടിയായി അമൽ ദേവ് എന്ന ഗുണഭോക്താവിന് നൽകേണ്ട തുക അക്കൗണ്ട് മാറി അമൽ ദീപ് എന്ന കുട്ടിക്ക് നൽകിയതാണെന്നും, ടി തുക തിരികെ വാങ്ങി അമൽ ദേവിന് നൽകുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്. നടപടികൾ പൂർത്തീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# ഭാഗം -2

# വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

## 2-1 തൊഴിൽ നികുതി കുറവായി ഈടാക്കിയിരിക്കുന്നു - 6430/- രൂപ നഷ്ടം

താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി കുറവായി ഈടാക്കിയിരിക്കുന്നു.

| ക്രമ നം. | സ്ഥാപനം | ജീവനക്കാരൻ | വർഷം | അടിസ്ഥാന ശമ്പളം | ആകെ തുക | പിരിക്കേണ്ട നികുതി | പിരിച്ച നികുതി | വ്യത്യാസം |
|---|---|---|---|---|---|---|---|---|
| 1 | കൗശിക ബിൽഡേഴ്സ് & ഡെവലപ്പേഴ്സ് | ജിഷ്ണ, ഡിസൈനർ | 2020-21 രണ്ടാം അർദ്ധ വർഷം | 12000/- | 72000/- | 600/- | 120/- | 480/- |
| 2 | " | ജിത്തുരാജ്, സൂപ്പർവൈസർ | " | 10000/- | 60000/- | 600/- | 120/- | 480/- |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 3 | " | പ്രഭിത, അക്കൗണ്ടന്റ് | " | 10000/- | 60000/- | 600/- | 120/- | 480/- |
| 4 | " | ആദിത്യ, ഡിസൈനർ | " | 10000/- | 60000/- | 600/- | 120/- | 480/- |
| 5 | " | കാവ്യ, അക്കൗണ്ടന്റ് | " | 10000/- | 60000/- | 600/- | 120/- | 480/- |
| 6 | " | രോഹിത്, സൂപ്പർവൈസർ | " | 15000/- | 90000/- | 750/- | 120/- | 630/- |
| 7 | പ്രിയദർശിനി ഡ്രൈവിങ്ങ് സ്കൂൾ, പെരിഞ്ഞനം | സന്തോഷ് കുമാർ, ഡ്രൈവിങ്ങ് ഇൻസ്ട്രക്ടർ | " | 27000/- | 162000/- | 1250/- | 180/- | 1070/- |
| 8 | " | സോമപാലൻ, ഓഫീസ് ക്ലർക്ക് | " | 24000/- | 144000/- | 1250/- | 180/- | 1070/- |
| 9 | " | ഗിരിജ, ഡ്രൈവിങ്ങ് ഇൻസ്ട്രക്ടർ | " | 15000/- | 90000/- | 750/- | 120/- | 630/- |
| 10 | " | സതി, ഡ്രൈവിങ്ങ് ഇൻസ്ട്രക്ടർ | " | 15000/- | 90000/- | 750/- | 120/- | 630/- |
| | | ആകെ | | | | | | 6430/- |

കുറവായി ഈടാക്കിയ തൊഴിൽ നികുതി ജീവനക്കാരിൽ നിന്നും ഈടാക്കി അറിയിക്കേണ്ടതാണ്. (എൻക്വയറി നമ്പർ 17/15.12.21)

## <u>ഭാഗം -3</u>

## <u>ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ</u>

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### <u>3-1 ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ് - സബ്സിഡി മാർഗ്ഗരേഖയിലെ നിരക്കിനേക്കാൾ അധിക തുക നൽകി - 55855/- ഈടാക്കി അടവാക്കേണ്ടതാണ്</u>

പ്രൊജക്റ്റ് നം. 160/21
നിർവ്വഹണ ഉദ്യോഗസ്ഥ – ഐ.സി.ഡി.എസ്. സൂപ്പർവൈസർ

ബിൽ നം. തീ. 22/07.05.20 - 350000/-

ബിൽ നം. തീ. 23/07.05.20 –275000/-

എ) താഴെ പറയുന്ന മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് സബ്സിഡി മാർഗ്ഗരേഖയിൽ അധികരിച്ച തുക നൽകിയിട്ടുണ്ട്. വിശദവിവരം താഴെ കൊടുക്കുന്നു.

| ക്രമ നം. | വിദ്യാർത്ഥിയുടെ പേര് | നൽകിയ തുക | നൽകേണ്ട തുക | അധികം |
|---|---|---|---|---|
| 1 | ഗൗതംകൃഷ്ണ | 33529 | 28500 | 5025 |
| 2 | ജിജീഷ്. വി.എസ്. | 37543 | 28500 | 9043 |
| 3 | മുഹമ്മദ് സാലിക് | 37529 | 28500 | 9029 |

| | | | | |
|---|---|---|---|---|
| 4 | മുഹമ്മദ് സാൻഫർ | 37529 | 28500 | 9029 |
| 5 | ശ്രീനന്ദന. പി.എച്ച്. | 37529 | 28500 | 9029 |
| | ആകെ | | | 41155 |

ബി) താഴെ പറയുന്ന ശാരീരിക വൈകല്യങ്ങൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് സബ്സിഡി മാർഗ്ഗരേഖയിൽ അധികരിച്ച തുക നൽകിയിട്ടുണ്ട്. വിശദവിവരം താഴെ കൊടുക്കുന്നു.

| ക്രമ നം. | വിദ്യാർത്ഥിയുടെ പേര് | നൽകിയ തുക | നൽകേണ്ട തുക | അധികം | റിമാർക്സ് |
|---|---|---|---|---|---|
| 1. | ശിവകാമി | 13000 | 8000 | 5000 | കേൾവി കുറവ് (9-ാം ക്ലാസ് വിദ്യാർത്ഥി) |
| 2. | അനിഷ. എസ്.പി. | 25000 | 17800 | 7200 | ലോക്കോമോട്ടോർ ഡിസബിലിറ്റി (ബിരുദ വിദ്യാർത്ഥി) |
| 3. | നന്ദന. എം.എസ് | 12600 | 10100 | 2500 | ലോക്കോമോട്ടോർ ഡിസബിലിറ്റി (1-ാം ക്ലാസ് വിദ്യാർത്ഥി) |
| | അധികം | | | 14700 | |

മേൽ പ്രകാരം അധികം നൽകിയ തുക 55855/- (41155 + 14700) ഈടാക്കി അടവാക്കേണ്ടതാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്റ്റിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 400000 | ലൈഫ് (ജനറൽ) | 400000 | 0 |
| | 2020-21 | 400000 | പെരിയതോടിന് കുറുകെ കലുങ്ക് നിർമ്മാണം | 400000 | 0 |
| | 2020-21 | 400000 | വാട്ടർടാങ്ക് മുതൽ കാതികോട് വരെ റോഡ് അറ്റകുറ്റപ്പണി (വാർഡ് -12) | 400000 | 0 |
| | 2020-21 | 700000 | ജലരക്ഷ ജീവരക്ഷ-സമിതി കോളനികളും സംരക്ഷണം (വാർഡ്- 1) | 700000 | 0 |
| | 2020-21 | 2666750 | ലൈഫ് (s C) | 2666750 | 0 |

| | | | | | |
|---|---|---|---|---|---|
| | 2020-21 | 63000 | ആശ്രയ | 63000 | 0 |
| | 2020-21 | 350000 | അങ്കണവാടി അനുപൂരക പോഷകാഹാരം | 350000 | 0 |
| | 2020-21 | 350000 | ഭിന്നശേഷിയുള്ളവർക്ക് വിദ്യാഭ്യാസ സ്കോളർഷിപ്പ് /ബത്ത നൽകൽ | 350000 | 0 |
| | 2020-21 | 200000 | പാലിയേറ്റീവ് കെയർ | 200000 | 0 |
| | 2020-21 | 300000 | ക്ഷീരസംഘങ്ങളിൽ പാലളക്കുന്നവർക്ക് പാലിന് സബ്സിഡി | 300000 | 0 |
| | 2020-21 | 200000 | പ്രത്യേക കന്നുകുട്ടി പരിപാലനം | 200000 | 0 |
| ജില്ലാ പഞ്ചായത്ത് | 2020-21 | 350000 | ഭിന്നശേഷിയുള്ളവർക്ക് വിദ്യാഭ്യാസ സ്കോളർഷിപ്പ് /ബത്ത നൽകൽ | 350000 | 0 |
| | 2020-21 | 499967 | ഗാന്ധി റോഡ് റീടാറിംഗ് | 499967 | 0 |
| | 2020-21 | 150000 | ജലരക്ഷ ജീവരക്ഷ-പെരുംന്തോട് സംരക്ഷണം | 150000 | 0 |
| | 2020-21 | 1501000 | ലൈഫ് സ്ഥലം വാങ്ങൽ (s C) | 1501000 | 0 |
| | 2020-21 | 1000000 | ലൈഫ് (s C) | 1000000 | 0 |
| | 2020-21 | 300000 | ഭിന്നശേഷിയുള്ളവർക്ക് വിദ്യാഭ്യാസ സ്കോളർഷിപ്പ് /ബത്ത നൽകൽ | 300000 | 0 |
| | 2020-21 | 300000 | പാലിയേറ്റീവ് കെയർ | 300000 | 0 |
| | 2020-21 | 275000 | ഭിന്നശേഷിയുള്ളവർക്ക് വിദ്യാഭ്യാസ സ്കോളർഷിപ്പ് /ബത്ത നൽകൽ | 275000 | 00000 |
| | 2020-21 | 647585 | വാക്കാട്ട് കോളനി സമഗ്രവികസനം | 647585 | 0 |

സ്ഥാപനം ലഭ്യമാക്കിയ വിവരങ്ങളാണ് ഖണ്ഡികയിൽ ചേർത്തിട്ടുള്ളത്. സംയുക്ത പ്രോജക്റ്റിന്റെ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ കൃത്യമായി എഴുതി സൂക്ഷിക്കാത്തതിനാൽ വാർഷികകണക്കുമായി പരിശോധിക്കുന്നതിന് സാധിച്ചിട്ടില്ല.

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവർത്തിയുടെ പേര് | വൗച്ചർ നം. / ചെക്ക് നമ്പർ | മുൻകൂർ നല്കിയ തുക | ചെലവഴിച്ച തുക |
|---|---|---|---|---|
| കെ.എസ്.ഇ.ബി | ഇലക്ട്രിക്ക് പോസ്റ്റ് ഷിഫ്റ്റിംഗ് (S0009/21) | - | 200000 | 200000 |
| കേരള വാട്ടർ അതോറിറ്റി | കുടിവെള്ളപൈപ്പ് ലൈൻ നീട്ടൽ (S0186/21) | - | 243000 | 0 |
| കേരള വാട്ടർ അതോറിറ്റി | ജലജീവൻ മിഷൻ (S0248/21) | - | 807206 | 0 |

ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകകൾ ബന്ധപ്പെട്ട ലെഡ്ജറിലും അഡ്വാൻസ് രജിസ്റ്ററിലും രേഖപ്പെടുത്തുന്നില്ല. ആയതിനാൽ B-18 പ്രകാരമുള്ള ബാലൻസ് തുകയുമായി പൊരുത്തപ്പെടുത്താൻ സാധിച്ചിട്ടില്ല.

## 4-3 മൊബിലൈസേഷൻ അഡ്വാൻസ്

ഇല്ല.

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക (തൻ വർഷം) | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| ലൈഫ് ഭവന പദ്ധതി (ഹഡ്കോ) | ലഭ്യമല്ല | 0 | * 9532688 | 877883 | - | 8654805 |

* മുന്നിരിപ്പ്, നീക്കിയിരിപ്പ് എന്നിവ വാർഷിക കണക്കുകളുമായി വ്യത്യാസമുള്ളതിന്റെ കാരണം മുൻവർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിട്ടുണ്ട്. അപാകത 2021-22 ൽ പരിഹരിക്കേണ്ടതാണ്.

## 4-5 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 6872136 |
| തൻവർഷം നിക്ഷേപിച്ച തുക | 0 |
| ആകെ | 6872136 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 2000000 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 4872136* |

*(ഖണ്ഡിക 15 കാണുക)

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല.

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഇല്ല.

## 4-8 ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം

ലഭ്യമല്ല.

## 4-9 ഓഡിറ്റ് പ്രത്യവലോകനം

**(എ) സംക്ഷിപ്ത വിവരം**

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 84200430/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 85882570/- |
| വരവിനങ്ങളിലുള്ള നഷ്ടം | 6430/- |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 55855/- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 439331/- |

**(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

| ഖണ്ഡിക നമ്പർ | തുക (രൂപ) | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 2-1 | 6430/- | ശ്രീമതി. സുജാത.പി, സെക്രട്ടറി |
| 3-1 | 55855/- | ശ്രീമതി.ലളിത. കെ, ഐ സി ഡി എസ് സൂപ്പർവൈസർ |
| | 62255/- | |

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| തടസ്സം ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-55 | 35000/- | ശ്രീമതി. രാജശ്രീ. ടി.എ, ഹെഡ്മിസ്ട്രസ്, ജി.യു.പി.എസ്. പെരിഞ്ഞനം |
| 1-56 | 45000/- | ശ്രീമതി. പി. സുജാത, സെക്രട്ടറി |
| 1-60 | 24300/- | ശ്രീമതി. പി. സുജാത, സെക്രട്ടറി |
| 1-61 | 335031/- | ശ്രീ. അൻസിൽ. പി.എം, ഫിഷറീസ് സബ് ഇൻസ്പെക്ടർ |
| ആകെ | 439331/- | |

**സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

**(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

**(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടം/തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും**

| ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി. രാജശ്രീ. ടി.എ, | ഹെഡ്മിസ്ട്രസ്, ജി.യു.പി.എസ്. | വേലിക്കകത്ത് ഹൗസ്, മതിലകം |

| | | |
|---|---|---|
| ഹെഡ്മിസ്ട്രസ്, ജി.യു.പി.എസ്. പെരിഞ്ഞനം | പെരിഞ്ഞനം | പി.ഒ, Pin-680685 |
| ശ്രീമതി. പി. സുജാത, സെക്രട്ടറി | സെക്രട്ടറി, പെരിഞ്ഞനം ഗ്രാമപഞ്ചായത്ത് | കൊരട്ടിയിൽ ഹൗസ്, കൊടുങ്ങല്ലൂർ പി. ഒ, Pin-680664 |
| ശ്രീ. അൻസിൽ. പി.എം, ഫിഷറീസ് സബ് ഇൻസ്പെക്ടർ | ഫിഷറീസ് സബ് ഇൻസ്പെക്ടർ, പെരിഞ്ഞനം | പള്ളിപറമ്പിൽ ഹൗസ്, എടവിലങ്ങ് പി. ഒ, Pin-680671 |
| ശ്രീമതി. ലളിത. കെ. | ഐ സി ഡി എസ് സൂപ്പർവൈസർ | പയ്യാക്കപറമ്പിൽ, ഇരിങ്ങാലക്കട പി. ഒ, Pin-680121 |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1996-97 | എൽ.എഫ്.ടി.12-1868/04/ 11-05-15 |
| 1997-98 | എൽ.എഫ്.ടി.12-1867/04/ 13-05-15 |
| 1998-99 | എൽ.എഫ്.ടി.19-59/2001/ 05-03-01 |
| 1999-2000 (ചെലവ്) | എൽ.എഫ്.ടി.12-339/03/ 16-09-13 |
| 2000-01 (പദ്ധതി ചെലവ്) | എൽ.എഫ്.ടി.12-1402/03/ 03-11-03 |
| 1999-2000 (ചെലവ്) | എൽ.എഫ്.ടി.12-241/06/ 08-08-06 |
| 2000-01 (പദ്ധതി ചെലവ്) | എൽ.എഫ്.ടി.12-362/08/ 31-08-09 |
| 1999-2000 (വരവ്) | എൽ.എഫ്.ടി.12-241/06/ 08-08-06 |
| 2000-01 (വരവ് ചെലവ്) | എൽ.എഫ്.ടി.12-362/08/ 31-08-09 |
| 2001-02 | എൽ.എഫ്.ടി.12-363/08/ 31-08-09 |
| 2002-03 | എൽ.എഫ്.ടി.12-364/08/ 31-08-09 |
| 2003-04 | എൽ.എഫ്.ടി.12-365/08/ 31-08-09 |
| 2004-05 | എൽ.എഫ്.ടി.12-367/08/ 03-07-2010 |
| 2005-06 | എൽ.എഫ്.ടി.12-664/10/ 25-01-2011 |
| 2006-07 | എൽ.എഫ്.ടി.12-665/10/ 25-01-2011/11-04-2011 |
| 2007-08 | എൽ.എഫ്.ടി.(പി3)487/12 തി.31-08-12 |
| 2008-09 | എൽ.എഫ്.ടി.(പി3)488/12 തി.03-09-12. |
| 2009-10 | എൽ.എഫ്.ടി.(പി3)489/12 തി.31-08-12 |
| 2010-11 | എൽ.എഫ്.ടി.(പി3)490/12 തി.31-08-12/09-11-12 |
| 2011-12 | എൽ.എഫ്.ടി.(പി3)892/13 തി.19-09-13 |
| 2012-13 | എൽ.എഫ്.ടി.(പി3) 372/14 തി.05-07-14/08-08-14 |
| 2013-14 | കെ.എസ്.എ.ടി.എസ്.ആർ.(പി3)182/16തി.10.02.16. |
| 2014-15 | കെ.എസ്.എ.ടി.എസ്.ആർ |

| | |
|---|---|
| | (പി3)1275/16തീ.29.07.2016 |
| 2015-16 | കെ.എസ്.എ.ടി.എസ്.ആർ (പി3)1734/16തീ.19.10.2016 |
| 2016-17 | നം. കെ.എസ്.എ-ടി.എസ്.ആർ(പി3)1409/2017 തീയതി: 23.09.2017/17.10.17 |
| 2017-18 | നം. കെ.എസ്.എ-ടി.എസ്.ആർ(പി3)491/2019 തീയതി: 15.6.19 |
| 2018-19 | നം. കെ.എസ്.എ-ടി.എസ്.ആർ(പി3)90/20 തീയതി: 23.01.20 |
| 2019-20 | കെ.എസ്.എ-ടി.എസ്.ആർ-പി 11/63/2022, തീയതി: 05.05.2022 |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം,
തൃശ്ശൂർ.

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ തൃശ്ശൂർ ജില്ലയിലെ പെരിഞ്ഞനം ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തൃശ്ശൂർ ജില്ലയിലെ പെരിഞ്ഞനം ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്